നെഹ്റു ബാലപുസ്തകാലയം

നമ്മുടെ വൃത്താന്ത പത്രങ്ങളുടെ കഥ

ചഞ്ചൽ സർക്കാർ

വിവർത്തനം
പവനൻ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ



ISBN 81-237-0451-8

കൃതജ്ഞത
ദി ഹിന്ദു-പേജ് 30,39,40-41,42-43
ദി സ്റ്റെയിറ്റ്സ്മാൻ
പേജ് 32-33, 35, 36, 37
1995 (ശക 1917)
© ചഞ്ചൽ സർക്കാർ
രൂ. 6.50
The Story of Our Newspapers (*Malayalam*)
പ്രസാധനം . ഡയറക്ടർ, നാഷണൽ ബുക്ക്ട്രസ്റ്റ്, ഇന്ത്യ,
എ-5 ഗ്രീൻപാർക്ക്, ന്യൂദൽഹി -110016.

1 നമ്മുടെ വൃത്താന്തപത്രങ്ങളുടെ കഥ

പത്രച്ചുരുള് തറയിൽ വീഴുന്ന ശബ്ദം കേട്ടുകൊണ്ടാണ് നാം രാവിലെ ഉണരുന്നത്. അതു പകരുന്ന ഉത്തേജനത്തോടെയാണ് നമ്മുടെ ദിവസം സാധാരണ തുടങ്ങുന്നത്. വിമ്പൾഡൻ ടെന്നീസിൻെറയോ, റോവേഴ്സ് കപ്പിൻെറയോ ഫലമറിയാനായിരിക്കും നിങ്ങൾക്ക് താല്പര്യം. രക്ഷിതാക്കന്മാർ നിങ്ങളെ സ്ക്കൂൾബസ്സിൽ കയറ്റി അയക്കാൻ ധൃതികൂട്ടുന്നതിനിടയിൽ നിങ്ങൾ അത് ഓടിച്ചുനോക്കുന്നു. അവരാകട്ടെ അതിനിടയിൽ പാർലിമെണ്ടിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗത്തിലോ ബുന്ദെൽഖണ്ഡിൽ നടന്ന സാഹസികമായ ഒരു കൊള്ളയുടെ വിവരങ്ങളിലോ ഗാഢശ്രദ്ധപതിപ്പിച്ചിട്ടുണ്ടാകും. രാവിലെ പത്രം കിട്ടാഞ്ഞാൽ എല്ലാവർക്കും അസ്വാസ്ഥ്യം തോന്നും.

പക്ഷെ അടുത്തദിവസം ആ പത്രം ആരും ശ്രദ്ധിക്കാതെ കിടക്കുന്നുണ്ടാവും. അടുക്കളക്കാരി ചിലപ്പോൾ അതെടുത്ത് റാക്കിൽ വിരിച്ചിട്ടുണ്ടാവും; അല്ലെങ്കിൽ പച്ചക്കറി പൊതിയാനെടുത്തിട്ടുണ്ടാവും. വാർത്താപത്രത്തിന് ഒരുദിവസത്തെ ആയുസ്സേ ഉള്ളു.

ഇന്ത്യയിലെ ദിനപത്രങ്ങളിലധികവും പ്രഭാതപത്രങ്ങളാണ്. പക്ഷെ ഡൽഹി, ബോംബെ, കൽക്കത്ത മുതലായ നഗരങ്ങളിൽ സായാഹ്നപത്രങ്ങൾ ധാരാളമുണ്ട്. എന്നാൽ പൊതുവെ പറഞ്ഞാൽ ഇന്ത്യ പ്രഭാതപത്രങ്ങളുടെ രാജ്യമാണ്. ഈ പത്രങ്ങൾ രാത്രി വളരെ വൈകിയാണ് അച്ചടിക്കുന്നത്.

നിങ്ങൾ ചെറുനഗരങ്ങളിൽ വസിക്കുന്നുവെങ്കിൽ തദ്ദേശപത്രം നിങ്ങൾക്ക് രാവിലെയും ദേശീയപത്രങ്ങളുടെ തലേന്നേർ വൈകുന്നേരത്തെ പതിപ്പുകൾ— ഇതിന് ഡാക്ക് എഡിഷൻ എന്നുപറയും— പിന്നീടും കിട്ടും. ഡാക്ക്എ

ഡീഷനിൽ തലേന്നാളത്തെ വാർത്തയായിരിക്കും ഉണ്ടാവുക; സാധാരണനിലയിൽ അതു വാർത്തയേ അല്ല. പക്ഷേ ഡൽഹിയിലും മദ്രാസിലും ബോംബെയിലും മറ്റു നഗരങ്ങളിലും നടന്ന സംഭവങ്ങളുടെ വിശദവിവരങ്ങൾ വായിക്കുവാൻ ജനങ്ങൾ താല്പര്യപ്പെടുന്നു.

പ്രഭാതം പൊട്ടിവിരിയുന്നതിനുമുൻപുതന്നെ നിങ്ങളുടെ വൃത്താന്തപത്രം നിങ്ങൾക്കെത്തിച്ചുതരുവാൻ ചില ആളുകൾ എത്രമാത്രം കഠിനമായി അദ്ധ്വാനിച്ചിട്ടുണ്ടായിരിക്കണമെന്ന് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? അവർ രാത്രി മുഴുവൻ എല്ലാ ദിവസങ്ങളിലും, ഞായറാഴ്ചകളിൽപോലും, അദ്ധ്വാനിക്കുന്നു. എന്നാൽ വാർത്താപത്രം മുഴുവൻ കൈയ്യെഴുത്തിലാണെങ്കിൽ പത്രപ്രവർത്തകർ എത്ര കൂടുതൽ കഠിനാദ്ധ്വാനം ചെയ്യണമെന്ന് ആലോചിച്ചുനോക്കൂ! വാർത്താപത്രങ്ങൾ അങ്ങിനെയായിരുന്നു തുടക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നത്.

പ്രാരംഭം

ആധുനികവാർത്താപത്രങ്ങളുടെ ആരംഭത്തെപ്പറ്റി ആലോചിക്കുമ്പോൾ ജൂലിയസ് സീസറുടെ കാലത്തെ റോമക്കാരുടെ അടുത്ത് നാം എത്തേണ്ടിവരും. "ദൈനികസംഭവങ്ങൾ" എന്ന അർഥംവരുന്ന. "അക്ടാദ്യുയൂർണ" എന്നപേരിൽ പൊതുപ്രസ്താവനകൾ എഴുതിത്തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായം, ജൂലിയസ് സീസറാണ് ആരംഭിച്ചത്. 59 ബി.സി.യിൽ 'അക്ടാസെനറ്റസ്' ആരംഭിച്ചു; സെനറ്റിൽനടന്ന വാദപ്രതിവാദങ്ങളുടെ സംഗ്രഹമായിരുന്നു അതിൽ. ഇതു ജനങ്ങൾക്കു വായിക്കത്തക്കവണ്ണം സൗകര്യമുള്ള സ്ഥലങ്ങളിൽ ചുമരുകളിൽ പതിക്കുകയാണ് പതിവ്. പക്ഷേ തങ്ങളെപ്പറ്റി ജനങ്ങൾ അത്രയധികം വിവരങ്ങൾ അറിയുന്നതിനാൽ ഉദ്യോഗസ്ഥന്മാർക്കും വിരോധം തോന്നി; തൽഫലമായി ഈ വാർത്താബുള്ളറ്റിനുകൾ പുറപ്പെടുവിക്കാതെയായി. ഒരുപക്ഷെ, സെൻസറിങ്ങിൻെറ ആദ്യത്തെ കാൽവെപ്പ് ഇതായിരിക്കാം. 15-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ അച്ചുകൂടങ്ങൾ ഉപയോഗത്തിൽവന്നു. ചൈനക്കാർ അച്ചടി അതിനുമുമ്പുതന്നെ കണ്ടുപിടിച്ചിരുന്നു. ഇതോടെ വിവരങ്ങൾ അറിയിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാധികളിൽ ഒന്നായിത്തീർന്നു

അച്ചടിച്ച വാക്കുകൾ. വാർത്തകൾ അച്ചടിച്ച കടലാസുകൾ ഇതോടെ കൂടുതൽ വേഗതയിലും കൂടുതൽ എളുപ്പത്തിലും ഉല്പാദിപ്പിക്കാൻ കഴിഞ്ഞു.

പതിനാറാം നൂറ്റാണ്ടിലാണ് ആദ്യമായി വൃത്താന്തപത്രങ്ങൾ പുറത്തുവന്നത്; അവയിൽ പ്രധാനമായും വ്യാപാരവാർത്തകളാണ് ഉണ്ടായിരുന്നത്. പിന്നീട് രാഷ്ട്രീയവാർത്തകളും അതിൽ ഉൾപ്പെടുത്തി. ഗവൺമെൻറിൻെറ തീരുമാനങ്ങൾക്ക് വ്യാപാരകാര്യങ്ങളിൽ വലിയ പ്രധാന്യമുണ്ട് എന്നതായിരുന്നു അതിനു കാരണം.

ആദ്യകാലത്തെ യുദ്ധകഥകളിൽ ഒന്ന് 1513ൽ 'ദി ട്രിവെ എൻകൗണ്ടർ ഓഫ് ദ ബാട്ടിൽ ഓഫ് ഫ്ളോറൻ ഫീൽഡ്' എന്നപേരിൽ ഒരു ന്യൂസ്ബുക്കിലാണ് വന്നത്. ഇതാണ് ആധുനികവൃത്താന്തപത്രത്തിൻെറ ആരംഭം.

ഇതിൽ വ്യാപാരവാർത്തകളും രാഷ്ട്രീയവാർത്തകളും ഉണ്ടായിരുന്നതിനു പുറമെ, 'സമകാലസംഭവങ്ങൾ' എന്നു നാം ഇന്നു വിശേഷിപ്പിക്കുന്ന ഇനത്തിൽപെടുന്ന വാർത്തകളും ഉണ്ടായിരുന്നു. പൊതുതാല്പര്യമുള്ള പത്രമെന്ന നിലയിൽ ആദ്യ... ...യി ഒരു പത്രം പ്രസിദ്ധപ്പെടുത്തിയത് 1609ൽ ജർമൻഭാഷയിലായിരുന്നു. പത്രത്തിൻെറ പേര് 'അവിയാറിലേഷൻ ഒദർ സീത്തുങ്ങ്.'

2 ഇന്ത്യൻ വൃത്താന്തപത്രങ്ങളുടെ ചരിത്രം

അച്ചടിച്ച് വിതരണം ചെയ്യുന്ന ഏർപ്പാട് ഇന്ത്യയിലുണ്ടായിട്ട് അത്രയധികം കാലമായിട്ടില്ല. മൊഹെൻജൊദാരോവിലെ മുദ്രകളും അശോകൻെറ ശിലാശാസനങ്ങളും സംസാരത്തിലൂടെയല്ലാതെ വാർത്താവിതരണം നടത്തിയിരുന്നു എന്നതു ശരിതന്നെ. എന്നാൽ അച്ചുകൂടംപോലെ ഒന്ന് നാം ഒരിക്കലും വികസിപ്പിച്ചെടുത്തിരുന്നില്ല. തുണിയിൽ ബ്ലോക്കുകൾകൊണ്ട് അച്ചടിക്കുന്ന രീതിക്ക് പഴക്കമുള്ള ചരിത്രമുണ്ടെങ്കിലും അച്ചടി ഇന്ത്യയിൽ കണ്ടെത്തിയിരുന്നതേയില്ല. അടിയന്തിരവാർത്തകൾ എത്തിക്കുന്നതിന് സന്ദേശവാഹകരെയാണ് നാം പ്രയോജനപ്പെടുത്തിയിരുന്നത്. സഞ്ചരിച്ചുകൊണ്ടിരുന്ന ഗായകന്മാർ രാജ്യത്തിൻെറ വിപുലഭാഗങ്ങളിൽ ആശയങ്ങൾ എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തു. മുകിലന്മാരുടെ കാലത്ത് പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരായി കരുതിയിരുന്ന വാർത്താലേഖകർ സാമ്രാജ്യത്തിൻെറ വിദൂരപ്രദേശങ്ങളിലെ സ്ഥിതിഗതികൾ ചക്രവർത്തിയെ എഴുതിയറിയിച്ചുകൊണ്ടിരുന്നു.

മൊഹെൻജൊദാരോവിലെ മുദ്ര

യൂറോപ്പിൽ അച്ചടി നടപ്പിൽവന്നത് ഏതാണ്ട് ഒരു നൂറ്റാണ്ടിനുശേഷമാണ്. 1550ൽ പോർത്തുഗീസുകാരായ ജസ്യൂട്ട് പുരോഹിതർ ഇന്ത്യയിൽ അച്ചടിയുടെ സാങ്കേതികവിദ്യ ഇറക്കുമതിചെയ്തു. ക്രൈസ്തവമതപ്രചാരണത്തിനായി മതപുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധപ്പെടുത്തുന്നതിലേക്ക് അവർ അച്ചുകൂടം പ്രയോജനപ്പെടുത്തി. വാർത്താഷീറ്റുകൾ പിന്നെയും കുറെ കഴിഞ്ഞ് കല്ക്കത്തയിലും മദ്രാസിലും ബ്രിട്ടീഷുകാർ അവരുടെ പ്രസിഡൻസിഭരണം സ്ഥാപിച്ചശേഷമാണ് പുറത്തുവന്നത്. അകലെ കിടക്കുന്ന സ്ഥലങ്ങളിലുള്ള തങ്ങളുടെ നാട്ടുകാരെ സംഭവഗതികൾ അറിയിച്ചുകൊണ്ടിരിക്കുകയായിരുന്നു വാർത്താഷീറ്റുകൾകൊണ്ട് ഉദ്ദേശിച്ചിരുന്നത്.

ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ നാളുകൾ സാഹസികതയുടേതായിരുന്നു. ആളുകൾ ഇന്ത്യയിലേക്ക് വന്നത് ഭാഗ്യാന്വേഷികളായിട്ടാണ്. ഇക്കൂട്ടത്തിലൊരാളായ ജെയിംസ് അഗസ്റ്റസ് ഹിക്കി 1780ൽ 'ബംഗാൾ ഗസറ്റ് അഥവാ കല്ക്കത്താ ജനറൽ അഡ്വർട്ടൈസർ' എന്നൊരു പത്രം ഇറക്കി. "എല്ലാ കക്ഷികൾക്കും വായിക്കാവുന്നതും എന്നാൽ ആരാലും സ്വാധീനിക്കപ്പെടാത്തതും ആയ ഒരു വാരിക" എന്ന് ധീരമായി പ്രഖ്യാപിച്ച ഒരു ആനുകാലികമായിരുന്നു അത്. പരസ്യങ്ങളും വ്യാപാരവാർത്തകളും ഗവൺമെൻറ് വൃത്തങ്ങളിലെ കേട്ടുകേൾവികളും വിരുന്നുവേളകളിലെ സ്വകാര്യസംഭാഷണങ്ങളും ഒക്കെക്കൂടി ഇടകലർന്ന ഹിക്കിയുടെ പത്രത്തെ ഗവൺമെൻറ് ഇഷ്ടപ്പെട്ടില്ല; രണ്ടുവർഷങ്ങൾക്കുശേഷം ഹിക്കി ജയിലിലായി. മറ്റ് പത്രങ്ങളുണ്ടായി; പക്ഷേ ഗവൺമെൻറ് അവയെ സൂക്ഷ്മതയോടെ ശ്രദ്ധിക്കുകയും സെൻസർ ചെയ്യുകയും ഉണ്ടായി. യൂറോപ്യന്മാർ യൂറോപ്യന്മാർക്കുവേണ്ടി നടത്തിയ പത്രങ്ങളുടെ ഗതിയാണിത്!

ആദ്യത്തെ ഇന്ത്യൻ വാർത്താപത്രം ആരംഭിച്ചത് ഗംഗാധർ ഭട്ടാചാർജിയാണ്. 1816-ൽ ബംഗാളിയിൽ പ്രസിദ്ധപ്പെടുത്തിയ 'വംഗാൽ ഗസറ്റ്' ആയിരുന്നു ഇത്. ഭട്ടാചാർജിയെത്തുടർന്ന് രാജാറാംമോഹൻറോയി രംഗത്തുവന്നു. ഇംഗ്ലീഷിലും പേർഷ്യനിലും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പത്രങ്ങൾ സാമൂഹിക മാറ്റത്തിൻെറ ആശയങ്ങളാണ് പ്രചരിപ്പിച്ചത്. അദ്ദേഹം സതി സമ്പ്രദായംപോലുള്ള ദുരാചാരങ്ങൾക്കെതിരെ പ്രചാരണം നടത്തി; ഗവൺമെൻറിനെ വിമർശിക്കുകയും ബംഗാളിലെ ജനങ്ങളെ പാശ്ചാത്യരുടെ സാംസ്ക്കാരിക-



ഹിക്കിയുടെ ബംഗാൾ ഗസറ്റ്

റാം മോഹൻറായ്

സുരേന്ദ്രനാഥ് ബാനർജി

രാഷ്ട്രീയ ആശയങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഇതോടെ ആധുനിക ഇന്ത്യൻ പത്രപ്രവർത്തനം ഉദയംകൊണ്ടു. 1857-ലെ ലഹള പത്രങ്ങളുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചുവെങ്കിലും, പത്രപ്രവർത്തനം തുടർന്നു.

ലഹളയുടെ ഫലമായി പത്രങ്ങളെ കർശനമായി നിയന്ത്രിക്കുന്ന നിയമങ്ങൾ ഗവൺമെൻറ് പാസ്സാക്കി. ഇംഗ്ലീഷുകാരുടെ ഇടയിലും ഇതിനെ വിമർശിക്കുന്നവരുണ്ടായിരുന്നു. സ്വതന്ത്രങ്ങളായ പത്രങ്ങൾ സുരക്ഷിതത്വത്തിനാവശ്യമാണെന്നും ഗവൺമെൻറിനെ കാര്യങ്ങൾ ധരിപ്പിക്കുന്നതിന് അവയ്ക്ക് കഴിയുമെന്നും അവർ കരുതി.

കടുത്ത സെൻസറിങ്ങ് നിയമങ്ങൾ ഉണ്ടായിട്ടും, ദാദാഭായ് നവറോജിയുടെ 'രാസ്ത് ഗൊഫ്താറും' സുരേന്ദ്രനാഥ് ബാനർജിയുടെ 'ബംഗാളി'യും സാമൂഹിക ദുരാചാരങ്ങളെ സംബന്ധിച്ച തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകതന്നെ ചെയ്തു. ഇക്കൂട്ടത്തിൽ 1919-ൽ ആരംഭിച്ച 'യങ്ങ് ഇന്ത്യ' എന്ന വാരികയും പെടുന്നു. മോഹൻദാസ് കർമചന്ദ് ഗാന്ധിയായിരുന്നു അതിൻെറ പത്രാധിപർ. ഒരു അഭിഭാഷകനായതുകൊണ്ടുമാത്രം മഹാത്മാ തൃപ്തിപ്പെ

Subscription yearly Rs. 5.
" Half yearly Rs. 3.

THE SIMLA VISIT

YOUNG INDIA

Published Every Wednesday. **Edited by M. K. Gandhi.**

New Series Vol. III. No. 21 | *AHMEDABAD, WEDNESDAY, MAY 25th, 1921* | Price Two Annas Per Copy.

Notes.

Maulana Mahomed Ali—I observe that the *Indian Social Reformer* rates me for not having said anything about Moulana Mahomed Ali's speech at Madras, and not having criticised Lala Lajpatrai's at Bombay. I must not answer the inferences and the innuendoes contained in the paragraph. Critics do not know under what difficulties I edit *Young India*. I rarely read newspapers. I cannot even get them during my incessant travelling. But having read this criticism, I purposely procured at Simla a copy of the Moulana's speech. I have only just read it. I have twice read the paragraph criticised, and I am of opinion that it contains nothing in it that is objectionable. The speech is certainly not inconsistent with his interview at Allahabad. In the Madras speech, he simply states the Muslim position. In the Allahabad interview, he has accepted my application and restriction of the ideal Muslim conduct. There is no doubt that if the Mussalmans could take my view, they would [illegible] defence of Islam. The difficulty arises because of [illegible] belief in the impossibility of the Afghans invading to defeat the British without wishing at the same time to occupy India. That may be and will be a good reason for Mussalmans, if they are true to India, not joining the Afghans even if they were able. But we may not dispute the theoretical religious right of Mussalmans to state their correct position. We can only honour them for it. The two great qualities of the brothers are their bravery and sincerity. And I can read nothing but these two qualities in the Madras speech.

Lala Lajpat Rai—Let me take the *Indian Social Reformer* into the secret of my methods. My assistant drew my attention to the hostile criticism of Lalaji's speech and asked me whether I wished to say anything upon it. I had not the text of his speech before me, nor had seen any criticism. I therefore wrote to Lalaji, asking him to enlighten me on the matter, and suggesting that he should apologise, if a single hasty word was uttered. It has been my privilege on close acquaintance to find him generous, forgiving and frank. He said in his letter that his Bombay speech was a specially considered utterance, and that he had not attacked any person in it. He had only dealt with the action of the Moderates as a party. He sent me the cutting for my opinion. This was whilst I was in Sindh. I was unable to read it and had forgotten all about it, till the *Reformer's* rebuke reminded me of it. I have now read Lalaji's speech and have much pleasure in stating that I find nothing offensive or discourteous in it. It is undoubtedly in Lalaji's fighting style. It is a party speech. He has adopted, by long residence in the west, the western form of criticism. But it is best western form. There is nothing vulgar in it. His charges are not unjustified by the conduct of the Moderate ministers. His worst charge is that they have merged themselves in the bureaucracy. It is a serious charge to make, but the instances adduced by him surely prove it. The Moderates may retort, if they choose, that outsiders cannot appreciate the difficulties of the ministers. But that is just what proves the error of the great leaders who find themselves allied with the Government. They should have known that such would be their lot, or they should now know by experience, that it is [illegible] being ministers, until they have an effective control over the Government policy. All the repression that is now going on, is almost as bad as before. It makes little difference that now there is the farce of a trial. The fact is, that most of the political sections of the Penal Code are such as to bring almost every non-co-operation speech under them. I believe that if I was charged, I should have to plead guilty to the charge of sedition. It is the duty of a non-co-operator to preach disaffection towards the existing order of things. Non-co-operators are but giving disciplined expression to a nation's outraged feelings. I should like to see a considered reply to Lala Lajpat Rai's strong indictment. In my humble opinion, the speech of Lala Lajpat Rai does not betray any loss of temper, and is quite in keeping with the advice he tendered the youth of the country in his concluding paragraphs.

'A Messenger of God'—I have received a cutting, in which I am reported to be credited with being a messenger of God, and I am asked whether I claim to have any special revelation from God. I have already dealt with the miracles attributed to me. As to this the latest charge, I must disown it. I pray like every good Hindu. I believe that we can all become messengers of God, if we cease to fear man and seek only God's Truth. I do believe I am seeking only God's Truth and have lost all fear of man. I therefore do *feel* that

യങ് ഇന്ത്യയുടെ ആ പ്രോജ്


केसरी.

वर्ष १. पुणें:-मंगळवार तारीख २५ जानेवारी १८८१ अंक ४.

नवनीताची नवीन आवृत्ति.


ANNUAL SUBSCRIPTION RUPEES 6.

SINGLE COPY ANNAS 2.

A WEEKLY REVIEW

OF

National Religion, Literature, Science, Philosophy, &c.

SATURDAY 3rd JULY 1909 | No. 3.

CONTENTS.

OFFICE 14 SHAM BAZAR STREET CALCUTTA

കേസരിയുടെ മുൻപേജ്

മുൻപേജ്-കർമയോഗിൻ വാരികയുടേത്

ട്ടില്ല. ഒരു സാമൂഹിക-രാഷ്ട്രീയ പ്രവർത്തകനായിരുന്ന അദ്ദേഹം. പത്രത്തിന്റെ ശക്തി വ്യക്തമായിത്തന്നെ മനസ്സിലാക്കി. 1922-ൽ ജയിലിലാകുംവരെയും തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ അദ്ദേഹം 'യങ് ഇന്ത്യ'യിൽ ശതക്കണക്കിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. തങ്ങളുടെ അച്ചുകൂടങ്ങൾ അടച്ചിട്ടാലും പത്രപ്രവർത്തകർ നിർവീര്യരാകരുതെന്ന് അദ്ദേഹം പറഞ്ഞു— അപ്പോൾ അവർ ലേഖനങ്ങൾ കൈകൊണ്ടെഴുതി പ്രചരിപ്പിക്കണം. പത്രം ഏതുവിധേനയും അന്യായങ്ങളെക്കുറിച്ചു ജനങ്ങളെ അറിയിക്കുകയും സ്വയംഭരണത്തിന്റെ ആവശ്യകത അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണം എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. വാർത്താപത്രങ്ങളെ വിദേശഭരണത്തിനെതിരായ ആയുധങ്ങളായി ഉപയോഗിച്ച മറ്റൊരാൾ ബാലഗംഗാധരതി

ലക് ആയിരുന്നു. 'കേസരി'യും 'മറാത്ത'യും അദ്ദേഹത്തിൻെറ പത്രങ്ങളായി രുന്നു. 1881-ൽ ആരംഭിച്ച 'കേസരി' സാധാരണ ജനങ്ങളെ ഉദ്ദേശിച്ചുള്ളതായി രുന്നു. ശിശിർകുമാർ ഘോഷിനെയാണ് തിലക് തൻെറ ഗുരുവായി കണക്കാക്കിയത്; ആക്രമണത്തിന് ഘോഷിൻെറ ശൈലിയായിരുന്നു കേസരി അനുകരിച്ചത്.

ദേശീയമായ ഉദ്ദേശവും വീക്ഷണവും വച്ചുകൊണ്ട് ആരംഭിച്ച പത്രങ്ങൾക്ക് പുറമെ, പത്തൊൻപതാം നൂറ്റാണ്ടിൻെറ മദ്ധ്യത്തിലും ഒടുവിലും ആയി വേറെയും പത്രങ്ങൾ ഉദയംകൊണ്ടു. അവയിൽ ചിലത് ഇപ്പോഴും നിലനില്ക്കുന്നു എന്നുമാത്രമല്ല, കൂടുതൽ ശക്തിപ്രാപിച്ച് വലിയ പത്രശൃംഖലകളായി ത്തീർന്നിരിക്കുന്നു. നിങ്ങൾക്ക് അവയുടെ പേരുകളറിയാം; പക്ഷേ അവയുടെ വർണോജ്ജ്വലമായ തുടക്കത്തെക്കുറിച്ച് അറിഞ്ഞിരിക്കില്ല. ഇവയിലൊന്ന്, നൂറിലേറെ കൊല്ലങ്ങൾക്കുമുൻപ്, 1878-ൽ ആരംഭിച്ച 'ഹിന്ദു'വാണ്. ഇത്തരം പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും എഡിറ്റ് ചെയ്യുകയും ചെയ്തവർ ആശയസമ്പന്നരായിരുന്നുവെന്നു മാത്രമല്ല; ധീരപുരുഷന്മാരുമായിരുന്നു. ചിലർ ഇംഗ്ലീഷുകാരായിരുന്നു; അവരും പത്രസ്വാതന്ത്ര്യത്തിനും രാജ്യത്തിനുംവേണ്ടി തങ്ങളുടെ പത്രങ്ങളെ ഉപയോഗിച്ചു.

'അമൃതബസാർ പത്രിക'യുടെ കഥ പ്രത്യേകിച്ചും ശ്രദ്ധേയമാണ്. ശിശിർകുമാർ ഘോഷും അദ്ദേഹത്തിൻെറ എട്ടുസഹോദരന്മാരുംകൂടി 1868ൽ പഴകിയ ഒരു പ്രസ്സ് 32കയ്ക്കു കല്ക്കത്തയിൽനിന്ന് വാങ്ങി, ഇപ്പോൾ ബംഗ്ലാദേശിൽപെടുന്ന ജസോർ ജില്ലയിലെ തങ്ങളുടെ ഗ്രാമമായ അമൃതബസാറിലേക്കു കൊണ്ടുപോയി. അവിടെനിന്ന് ആരംഭിച്ചതാണ് ഈ പത്രം. ഇന്ത്യയിലെ ജനങ്ങൾക്കെതിരായി നടന്നുവന്നിരുന്ന അനീതികൾ വിവരിക്കുന്നതിന് അവർ ഉപയോഗിച്ച ഭാഷ അത്ര മൃദുവായിരുന്നില്ല. അധികം താമസിയാതെ അവർ പ്രയാസങ്ങളിൽ ചെന്നുചാടി; ചിലപ്പോൾ അവരുടെ പ്രസ്സ് അടച്ചിടേണ്ടിവന്നു; 1969ൽ അവർ ഇംഗ്ലീഷിലും ചില പംക്തികൾ നടത്തി. നാട്ടുഭാഷാ പത്രങ്ങൾക്കും ഇംഗ്ലീഷ് ഇടകലർത്തി ഉപയോഗിച്ച ഭാഷാപത്രങ്ങൾക്കും എതിരായ പുതിയ നിയമങ്ങൾ ഉണ്ടായപ്പോൾ അവർ പെട്ടെന്നുതന്നെ പത്രം ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തി. അതുവഴി സെൻസറിങ്ങിൽനിന്നും രക്ഷപ്പെടുകയും ചെയ്തു!

പിന്നീട് 'ടൈംസ് ഓഫ് ഇന്ത്യ'യിൽ ലയിച്ച പത്രങ്ങളിലൊന്നായ 'ബോംബെ ടൈംസ്' അന്ന് എഡിറ്റ് ചെയ്തത് റോബർട്ട് നൈറ്റ് ആയിരുന്നു. 1861-ൽ തോമസ് ബന്നറ്റിൻെറ നേതൃത്വത്തിൽനടന്ന 'ടൈംസ് ഓഫ് ഇന്ത്യ' വളരെ വേഗംതന്നെ സ്വതന്ത്രമനസ്കരായ എഡിറ്റർമാരുടെ നേതൃത്വത്തിൽ സുസ്ഥാപിതമായി. ഇതിൻെറ ആദ്യകാലത്തുതന്നെ വ്യത്യസ്തവീക്ഷണകോണുകളെ പ്രതിഫലിപ്പിക്കുന്ന വാർത്താവിതരണസമ്പ്രദായം അതിനുണ്ടായിരുന്നു. 'ബോംബെ ക്രോണിക്കിളി'ൻെറ അധ്യക്ഷനായ എഡിറ്റർ ബഞ്ചമിൻ ഗൈ ഹോർണിമാൻ "ടൈംസ് ഓഫ് ഇന്ത്യ"യെ "ബോറിബന്തറിലെ മുത്തശ്ശി" എന്ന് വിശേഷിപ്പിക്കുകയുണ്ടായെങ്കിലും, ഈ പത്രത്തിനെതിരെ മത്സരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇത്രതന്നെ പഴക്കമില്ലെങ്കിലും കുറച്ചൊക്കെ ചരിത്രപ്രാധാന്യമുള്ള ഒന്നാണ് ജവഹർലാൽ നെഹ്റു അദ്ധ്യക്ഷനായിക്കൊണ്ടുള്ള ഒരു ഭരണസമിതി 1938ൽ ആരംഭിച്ച "നാഷനൽ ഹെറാൾഡ്." അതൊരു പാർട്ടിപത്രമായിരുന്നു; ഏറെക്കാലമായി നിലനില്ക്കുകയും ചെയ്യുന്നു.

അക്കാലത്ത് ധീരന്മാരും പ്രതിഭാശാലികളുമായ ഒട്ടേറെപേർ പത്രപ്രവർത്തനത്തിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. ബഞ്ചമിൻ ഗൈ ഹോർണിമാൻ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് അനുകൂലിയായിരുന്നു. 1905ലെ ബംഗാൾ വിഭജനത്തിനെതിരായ പ്രകടനത്തിൽ അദ്ദേഹം ദോത്തി ഉടുത്തുകൊണ്ട് നഗ്നപാദനായി തെരുവുകളിലൂടെ നടന്നു. വെല്ലിങ്ങ്ടണ് ഒരു സ്മാരകം ഉയർത്തുന്നതിനെതിരായുള്ള പ്രക്ഷോഭം അദ്ദേഹം നയിക്കുകയുണ്ടായി. 1918ൽ, വിഷപ്പനി നടപ്പുദീനത്തിൻെറ നാളുകളിൽ അദ്ദേഹം വീടുതോറും കയറി ജനങ്ങളെ സഹായിച്ചു. റൗളറ്റ് നിയമങ്ങൾക്കെതിരായി അദ്ദേഹം സത്യഗ്രഹം അനുഷ്ഠിച്ചു. 1919ൽ അമൃത്സറിലെ കൂട്ടക്കൊലയ്ക്ക് എതിരായി അദ്ദേഹം എഴുതിയപ്പോൾ അദ്ദേഹത്തെ രോഗശയ്യയിൽനിന്ന് വലിച്ചിഴച്ച് നാടുകടത്തി. 1921ൽ അദ്ദേഹം അനുവാദം കൂടാതെതന്നെ തിരിച്ചുവന്നു.

റഡ്യാഡ് കിപ്ലിങ്ങ് ആയിരുന്നു മറ്റൊരാൾ. ('കിമ്മി'ൻെറയും 'ദ ജങ്കിൾ ബുക്കി'ൻെറയും 'ബാറക്ക് റൂം ബല്ലാഡ്സി'ൻെറയും കർത്താവ്). അദ്ദേഹം ലാഹോറിലെ 'സിവിൽ ആൻറ് മിലിട്ടറി ഗസറ്റി'ൻെറ പത്രാധിപസമിതിയിലായിരുന്നു; അദ്ദേഹം ഗവൺമെൻറിനെ കളിയാക്കിക്കൊണ്ട് എഴുതി. പിന്നീട് 'ഡിപ്പാർട്ടുമെൻറൽ ഡിറ്ററീസ്' എന്നപേരിൽ പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തി

ബഞ്ചമിൻ ഗൈ ഹോർണിമാൻ



NAL HERALD

THIS MADNESS AND DEATH

നാഷണൽ ഹെറാൾഡിൽ നെഹ്റു
എഴുതിയ ഒരു ലേഖനം

ന്റെ കവിതകൾ ആദ്യം വെളിച്ചംകണ്ടത്, 'സിവിൽ ആൻറ് മിലട്ടറി ഗസറ്റി'ൽ ആയിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ആക്ഷേപഹാസ്യങ്ങൾ അധികവും മേലുദ്യോഗസ്ഥന്മാർക്ക് അഹിതകരമായിരുന്നു. അതിനാൽ അദ്ദേഹം അലഹാബാദിലെ 'പയനിറി'ലേക്ക് സ്ഥലം മാറ്റപ്പെട്ടു. അവിടെയും അദ്ദേഹം ആക്ഷേപഹാസ്യകവിതകളും വിനോദപദ്യങ്ങളും എഴുതിക്കൊണ്ടിരുന്നു. പക്ഷെ പത്രങ്ങൾ ഇതു ഗൗരവമായിത്തന്നെ എടുത്തു. കിപ്ലിങ്ങിനെ അവർ ഇഷ്ടപ്പെട്ടില്ല. എന്നാൽ 'പയനീറി'ന്റെ ഈ പതിപ്പുകൾ പിന്നീട് അമേരിക്കയിൽ അനേകശതം ഡോളറിന് വില്ക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്മരണയ്ക്കാ



॥भारतजीवन॥
१ भाग
अंक २
BHARATJIWAN.
PUBLISHED EVERY MONDAY
BENARES
MARCH 1884



ഡിസംബർ രണ്ടു മുതൽ
അരിറേഷൻ ആറൗൺസ്
സാരികൾ

சுதேசமித்திரன்

THE SWADESAMITRAN

"இந்தியாவிலுள்ள தமிழ்நாடு தமிழருக்கே"

கோஷத்தை கருணாநிதி மாற்றிக்கொள்கிறார்

டில்லி விஜயத்துக்கு இதுவே விடையாம்

79 வயது

சிக்கனத்தைக் கருதி

இந்த ஆண்டு அரசு செலவு ரூ. 400 கோடி குறைகிறது

கருணாநிதியிடம் திரு க. எம்.எல்.ஏ. ராஜினாமா கடிதம்

'மித்திரனில்' எழுப்பப்பட்ட பிரச்னை

திருத்தணி அறங்காவலர் மீது நடவடிக்கை: முதல்வர் உறுதி

യി 'സിവിൽ ആൻറ് മിലിട്ടറി ഗസറ്റി'ൻെറ ആപ്പീസിൽ ഇപ്പോഴും ഒരുമുറി പ്രത്യേകമായി സൂക്ഷിക്കുന്നുണ്ടെന്ന് അറിയുന്നു.

ഇത്രയും പറഞ്ഞതിൽനിന്ന് ഇന്ത്യക്കാരായ പത്രാധിപന്മാർ എഡിറ്റ് ചെയ്തതും പ്രസിദ്ധപ്പെടുത്തിയതുമായ പത്രങ്ങൾ മാത്രമല്ല, ബ്രിട്ടീഷുകാർ എഡിറ്റർമാരായ ചില പത്രങ്ങളുംകൂടി സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇന്ത്യയുടെ പോരാട്ടവുമായി നേരിട്ടുതന്നെ ബന്ധപ്പെട്ടിരിക്കുന്നതായി നിങ്ങൾക്കു കാണാം. ഈ പത്രങ്ങളുടെ നിറവും തിറവുമുള്ള പേരുകൾ നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. 'കേസരി', 'മറാത്ത്', 'ഇന്ത്യൻ റിവ്യു', 'ബോംബെ ക്രോണിക്കിൾ', 'ലിബർട്ടി', 'ഫോർവേഡ്', 'അഡ്വാൻസ്', 'സെർവെൻറ് ഓഫ് ഇന്ത്യ', 'ജസ്റ്റീസ്', 'ബംഗാളി', 'വന്ദേമാതരം', 'അൽഹിലാൽ', 'സ്വരാജ്', 'ഹിതവാദ' തുടങ്ങിയവയിൽ ചിലതൊക്കെ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. പക്ഷെ അധികവും ചരിത്രത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു.

ലോകത്തിലെവിടെയായാലും വൃത്താന്തപത്രങ്ങളുടെ ചരിത്രം ഒരുകാര്യം വെളിപ്പെടുത്തുന്നു. അങ്ങേഅറ്റം വിദ്രോഹസ്വഭാവമുള്ള ഗവൺമെൻറിനുപോലും ജനങ്ങളുടെ അഭിപ്രായപ്രകടനത്തിനുള്ള അഭിവാഞ്ഛയെ അടിച്ചമർത്താനാവില്ല. ആശയങ്ങളെ ജീവിപ്പിച്ചു നിർത്തുവാനും, ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ ഉയർത്തിപ്പിടിക്കുവാനുമുള്ള ഉജ്ജ്വലമാർഗമാണ് വൃത്താന്തപത്രങ്ങൾ. പത്രങ്ങൾ ജനിക്കുന്ന അളവിൽതന്നെ മരിക്കുന്നുമുണ്ട് ഇവയുടെ സംഖ്യാബാഹുല്യം തെറ്റിദ്ധാരണയുണ്ടാക്കും. ഉദാഹരണത്തിന് ദിനപത്രങ്ങൾ എടുക്കുക; അവയുടെ ആകെ പ്രചാരം തൊണ്ണൂറുലക്ഷം മാത്രമാണ്. ആറായിരത്തി എണ്ണൂറ്റി അമ്പതുലക്ഷം ജനങ്ങളുള്ള നാട്ടിലാണിത്. അവരിൽതന്നെ രണ്ടായിരത്തി അമ്പത്‌ലക്ഷം സാക്ഷരരാണെന്ന് അറിയുമ്പോൾ ഈ സംഖ്യ പരിഹാസ്യമാംവിധം ചെറുതാണ്. ജനങ്ങൾക്ക് വിവരമെത്തിക്കാൻ ഇതു തീരെ പോരെന്ന് അർഥം.

3 ന്യൂസ് റൂമും എഡിറ്ററും

ഒരു ന്യൂസ്പേപ്പറിന്റെ ഹൃദയം ന്യൂസ് റൂം ആണ്. ഇവിടെയാണ് എല്ലാഭാഗങ്ങളിൽനിന്നുമുള്ള വാർത്തകൾ എത്തിച്ചേരുന്നത്. റിപ്പോർട്ടർമാർ വാർത്തകൾക്കുവേണ്ടി പുറത്തേക്കു പോകുന്നത് ഇവിടെനിന്നാണ്; തങ്ങൾ സമ്പാദിച്ച വിവരങ്ങളുമായി അവർ തിരിച്ചെത്തുകയോ, വിവരങ്ങൾ ഫോൺവഴി അറിയിക്കുകയോ ചെയ്യുന്നതും ഇവിടെത്തന്നെ. ഇന്ത്യയിലെയും ലോകത്തിലേയും മുഖ്യകേന്ദ്രങ്ങളിൽനിന്ന് എത്തുന്ന വാർത്തകളുമായി ടെലിപ്രിൻറർ യന്ത്രം രാവുംപകലും ചലിച്ചുകൊണ്ടിരിക്കുന്നതും ഇവിടെത്തന്നെ. ജില്ലാ ആസ്ഥാനങ്ങളിൽനിന്നും വാർത്ത എത്തിക്കുന്ന ടെലിപ്രിൻററുകളും ഇവിടെ ഉണ്ടാവും. ടെലിപ്രിൻറർ യന്ത്രങ്ങൾ ടൈപ്പ്റൈറ്ററുകളെപ്പോലെയാണ്. അവ വൈദ്യുതി വയറുമായോ, റേഡിയോതരംഗങ്ങളുമായോ ബന്ധപ്പെട്ടിരിക്കുന്നു. ഏതെങ്കിലും ഒരു ആപ്പീസിൽനിന്ന്, ഡൽഹിയിൽനിന്നാണെന്ന് വക്കുക, ഒപ്പറേറ്റർ സന്ദേശം ടൈപ്പ് ചെയ്യുമ്പോൾ ബന്ധപ്പെട്ട എല്ലാ പത്രആപ്പീസുകളിലും, ഇന്ത്യക്കുള്ളിൽ മാത്രമല്ല, ലോകത്തിലെല്ലായിടത്തും, ഒരേ അവസരത്തിൽ അത് എത്തിച്ചേരുന്നു.

പത്രക്കുറിപ്പുകളിൽനിന്നും വാർത്തകൾ ലഭിക്കും; ഗവൺമെൻേറാ, വ്യാവസായ-വാണിജ്യസ്ഥാപനങ്ങളോ ഒക്കെ പത്രക്കുറിപ്പുകൾ ഇറക്കാറുണ്ട്. വാർത്തകളുടെ മറ്റൊരു ഉറവിടം വാർത്താ ഏജൻസികളാണ്. യു.എൻ.ഐ., പി.ടി.ഐ. ഇവ ഇംഗ്ലീഷിലും, സമാചാർ ഭാരതി, ഹിന്ദുസ്ഥാൻ സമാചാർ ഇവ ഹിന്ദിയിലും വാർത്തകൾ എത്തിക്കുന്ന ഇന്ത്യൻ വാർത്താ ഏജൻസികളാണ്. എ.പി (അമേരിക്കൻ) റൂയിട്ടേഴ്സ (ബ്രിട്ടീഷ്) എന്നിവ ഏറെ അറിയപ്പെ

ടുന്ന വിദേശവാർത്താ ഏജൻസികളാണ്. ഇത്തരം പേരുകൾ പത്രത്തിൽ കാണുമ്പോൾ ഈ ഏജൻസികൾ അയച്ച വാർത്ത പത്രം ഉപയോഗിച്ചിട്ടുണ്ട് എന്ന് അർഥമാക്കിയാൽ മതി.

വാക്കുകളുടെ ഈ മഹാസമുദ്രത്തിൽനിന്ന് തിരഞ്ഞെടുപ്പുനടത്തുന്നതും തിരഞ്ഞെടുത്തവയെ ആവശ്യത്തിനനുസരിച്ചു വെട്ടിച്ചുരുക്കുന്നതും അവ വായനക്കാരുടെ മുമ്പാകെ ആകർഷകമായി അവതരിപ്പിക്കുന്നതും വൈദഗ്ധ്യം നേടിയവരുടെ ജോലിയാണ്. പത്രം എത്രതന്നെ വലുതായാലും ഓരോ ദിവസവും അതിനു ലഭിക്കുന്ന വാർത്തകൾ അതിൽ കൊടുക്കാനാവുന്നതിൻെറ ഇരട്ടിയിലധികമായിരിക്കും. അവിടെയാണ് ദിശാനിർണയവും എഡിറ്റോറിയൽ നേതൃത്വവും ആവശ്യമായിട്ടുള്ളത്.

പത്രത്തിൽ പല വിഷയങ്ങളും കൂടിച്ചേർന്നിരിക്കുന്നു— ചൂടുള്ള വാർത്തകളും, ഫീച്ചർ ലേഖനങ്ങളും, അഭിപ്രായങ്ങൾക്കുള്ള പംക്തികളും, മുഖപ്രസംഗവും, സ്പോർട്സ് വാർത്തകളും, ധനകാര്യവിവരങ്ങളും, ഫോട്ടോഗ്രാഫുകളും, പരസ്യങ്ങളും അങ്ങിനെ പലതും ചേർന്ന മിശ്രണമാണിത്. അതുകൊണ്ടുതന്നെ അടുത്തദിവസത്തെ പത്രത്തിൻെറ ഉള്ളടക്കത്തിൻെറ പൊതുസ്വഭാവം നിശ്ചയിക്കുന്നതിന് ഒരു സമ്പ്രദായം ഉണ്ടായിരിക്കണം. ഇതിനുവേണ്ടി അനേകം കൂടിച്ചേരലുകൾ ആവശ്യമാണ്. എഡിറ്റർ വ്യത്യസ്തഗ്രൂപ്പുകളുമായി കൂടിയാലോചിക്കുന്നു. ന്യൂസ് എഡിറ്റർ, ചീഫ് സബ്ബ് എഡിറ്റർമാർ, ചീഫ് റിപ്പോർട്ടർ എന്നിവർ ചേർന്ന് വരാനിടയുള്ള വാർത്തകളെപ്പറ്റിയും, അനുധാവനം ചെയ്യേണ്ട സംഭവവികാസങ്ങളെപ്പറ്റിയും, അന്വേഷണം നടത്തേണ്ട കഥകളെപ്പറ്റിയും മറ്റും ആലോചിക്കുകയും നിശ്ചിതമായ ചുമതലകൾ അർഹരായവരെ ഏല്പിക്കുകയും ചെയ്യുന്നു.

എഡിറ്റർ തൻെറ സഹപ്രവർത്തകരുമായി സംസാരിച്ച്, സമകാലതാല്പര്യമുള്ള വിഷയങ്ങളെക്കുറിച്ച് അടുത്തദിവസത്തെ പത്രത്തിൽ വരേണ്ട മുഖപ്രസംഗങ്ങളുടെ കാര്യവും നിശ്ചയിക്കുന്നു. ആർട് എഡിറ്റർ, സ്പോർട്സ് എഡിറ്റർ അഡ്വൈടൈസ്മെൻറ് മാനേജർ എന്നിങ്ങനെയുള്ള പ്രത്യേക വൈദഗ്ധ്യമാർജിച്ച സ്റ്റാഫ് അംഗങ്ങളുമായി, അവരുടെ ഭാഗത്തുനിന്ന് പത്രത്തിലുൾക്കൊള്ളിക്കേണ്ട ഇനങ്ങളെപ്പറ്റിയും എഡിറ്റർ സംസാരിക്കുന്നു. പത്രത്തിൽ ഉൾപ്പെടുത്തേണ്ട ഫോട്ടോഗ്രാഫുകൾ, ചിത്രങ്ങൾ എന്നിവയെപ്പറ്റി ആർട്

পেট্রোলের এই দর বৃদ্ধি

কলকাতার কড়চা

ভাসানের চরের বার আনাই এখন ব্রহ্মপুত্রের গর্ভে

দেশ

তিস্তার জল বণ্টনকে কেন্দ্র করে নতুন আন্দোলন

প্রশান্তবাবুর দাক্ষিণ্য

ইন্দিরা-অমৃতলিঙ্গম-কথা

എഡിറ്ററും, പരസ്യങ്ങളെപ്പറ്റി അഡ്വർടൈസ്മെൻറ് മാനേജരുമാണ് എഡിറ്ററുമായി ആലോചിക്കുന്നത്. പരസ്യത്തിനുവേണ്ടിവരുന്ന സ്ഥലം എത്രയാണെന്നു മുൻകൂട്ടി അറിയേണ്ടതുണ്ടല്ലോ. ഇത്രയുമായാൽ അടുത്തദിവസത്തെ പത്രത്തിൻെറ ഏകദേശരൂപം നിർണയിക്കപ്പെടും. പ്രധാനപ്പെട്ട വാർത്തകൾ വന്നാൽ മാറ്റങ്ങൾ വരുത്താൻ എല്ലാവരും സന്നദ്ധരായിരിക്കുകയും ചെയ്യും.

ന്യൂസ് റൂം

പത്രത്തിൻെറ എഡിറ്റോറിയൽ വിഭാഗത്തിൽ പണി എടുക്കുന്നവരെ ഒരു വലിയ മുറിയിൽ ഇരുത്തുന്നു. വിശാലമായ, ശാന്തതയുള്ള, ഒരു മുറി. ചുരുക്കം ചിലരെ അതിരിട്ട് മാറ്റി ഇരുത്തിയിരിക്കും; പക്ഷെ അവർപോലും കണ്ണാടിവച്ച ചെറുമുറികളിൽ എല്ലാവർക്കും കാണാവുന്നതരത്തിലാണ് ഇരിക്കുക. ന്യൂസ് റൂം ശാന്തമായിരിക്കും; കാരണം ആധുനികരീതിയിലുള്ള ഇലക്ട്രോണിക്പ്രസ്സ് ടെക്നോളജി ബഹളമുണ്ടാക്കുന്നതല്ല.

ന്യൂസ്റൂം രണ്ടുവിഭാഗമായി പകുത്തിരിക്കും. ഒരു ഭാഗം അന്വേഷണം നടത്തി അറിയേണ്ടതോ, റിപ്പോർട്ട് ചെയ്യപ്പെടേണ്ടതോ ആയ വാർത്തകൾക്കുള്ളതാണ്. മറ്റേത് എഡിറ്റ് ചെയ്യപ്പെടേണ്ട വാർത്തകൾക്കും. പത്രത്തിൻെറ ഡയറിയിൽ മുൻകൂട്ടി രേഖപ്പെടുത്തിയ സംഭവങ്ങൾ കവർ ചെയ്യാൻ റിപ്പോർട്ടർമാർ പോകുന്നു. അവർ, പത്രം മുൻകൂട്ടിനിശ്ചയിച്ച ഫീച്ചറുകൾ തയ്യാറാക്കുവാനോ, മുമ്പുനടന്ന സംഭവങ്ങളെ തുടർന്നുണ്ടായ വികാസങ്ങൾ അന്വേഷിച്ച് എഴുതുവാനോ നിയുക്തരാകാം. ചില തെറ്റായ നടപടികളെക്കുറിച്ച് സൂക്ഷ്മാന്വേഷണം നടത്തി വിവരങ്ങൾ ശേഖരിച്ച് യഥാർഥവസ്തുതകൾ വെളിച്ചത്തു കൊണ്ടുവരുന്ന ലേഖനങ്ങളും അവർ എഴുതി എന്നുവരും. തുടക്കക്കാരായ റിപ്പോർട്ടർമാർ സാധാരണയായി കുറ്റകൃത്യങ്ങൾ, കോടതികൾ, നഗരസഭ തുടങ്ങിയവ കവർ ചെയ്യുന്നു. മുമ്പൊക്കെ വനിതകൾ റിപ്പോർട്ടിങ്ങ് ജോലിക്കു വന്നിരുന്നില്ല. ഇപ്പോഴാകട്ടെ ഈ പ്രയാസകരമായ ജോലിയിൽ തങ്ങൾ ഒട്ടും മോശക്കാരല്ലെന്ന് തെളിയിച്ചുകൊണ്ട് ഒട്ടേറെ യുവതികളും റിപ്പോർട്ടിങ്ങിൽ ഏർപ്പെടുന്നു.

തുടക്കത്തിൽ വിരസമായ ദൈനംദിന വൃത്തങ്ങളിൽ പ്രവർത്തിക്കുന്ന റിപ്പോർട്ടർമാർ ക്രമേണ വൈദഗ്ദ്ധ്യമാർജിക്കുന്നു. സ്പോർട്സ് റിപ്പോർട്ടർ

മാർ സ്പോർട്സ് മാത്രവും, കുറ്റകൃത്യങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുന്നവർ അതിൽമാത്രവും വ്യാപരിക്കുന്നു. ഒടുവിൽ പറഞ്ഞവർ പോലീസിലും അധോലോകത്തിലും മറ്റും പലരെയും പരിചയപ്പെടുകയും അവരുമായി ഉപയോഗപ്രദമായ ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു.

മുമ്പൊക്കെ റിപ്പോർട്ടർക്കാവശ്യമായിരുന്നത് ഒരു നോട്ട് ബുക്കും പെൻസിലും മാത്രമായിരുന്നു. സംഭവസ്ഥലങ്ങളിൽപോയി തിരിച്ചെത്തിയശേഷം അയാൾ തൻെറ കഥ ടൈപ്പ്ചെയ്യുന്നു. ചുരുക്കെഴുത്തിലുള്ള പ്രാവീണ്യം അത്യാവശ്യമായ ഒരു യോഗ്യതയായി കരുതപ്പെട്ടു. ഇപ്പോഴാകട്ടെ റിപ്പോർട്ടർമാർ ടേപ്പ്റിക്കാർഡുകൾ ഉപയോഗിക്കുന്നു; പ്രത്യേകിച്ച് അഭിമുഖസംഭാഷണങ്ങൾക്ക്. നാട്ടുഭാഷകളിലുള്ള പത്രങ്ങളിലെ റിപ്പോർട്ടർമാർ ഇപ്പോഴും തങ്ങളുടെ "കോപ്പി" കൈയ്യെഴുത്തായിതന്നെ തയ്യാറാക്കുന്നു. എന്നാൽ പല ഭാഷകളിലും ടൈപ്പ്റൈറ്ററുകൾ സാധാരണമായി തുടങ്ങിയിട്ടുണ്ട്.

മറ്റൊരുവിഭാഗമുണ്ട്; അവരും റിപ്പോർട്ടർമാർതന്നെയാണെങ്കിലും അവർക്ക് മതിപ്പ് ഉളവാക്കുന്ന ചില വിശേഷണപദങ്ങൾ ലഭിച്ചിട്ടുണ്ട്; പ്രത്യേകിച്ച് ഡൽഹിയിൽ. 'പ്രത്യേക ലേഖകൻ' 'പ്രത്യേക പ്രതിനിധി' എന്നൊക്കെയാണ് അവരെ വിളിക്കുക. അവർ പാർലമെൻറും കേന്ദ്രമന്ത്രിസഭാവകുപ്പുകളും 'കവർ' ചെയ്യുന്നു. അവർക്ക് പലപ്പോഴും മനംമടുപ്പിക്കുന്ന പ്രസംഗങ്ങളും വിരസമായ വാദപ്രതിവാദങ്ങളും തുടർച്ചയായി കേട്ട് ഇരിക്കേണ്ടിവരും. പക്ഷെ അവർ ജാഗ്രതയോടെ ഇരിക്കുകയാണെങ്കിൽ ചിലപ്പോൾ ഉത്തേജകങ്ങളായ സംഭവങ്ങൾ ഉണ്ടായി എന്നുവരും. ചിലർ 'നയതന്ത്രലേഖകൻ' എന്നും 'വ്യവസായലേഖകൻ' എന്നും 'ശാസ്ത്രലേഖകൻ' എന്നും മറ്റും സ്വയം വിളിക്കാറുണ്ട്. ഈയിടെ ഒരു 'വനിതാകാര്യലേഖക'നെപ്പോലും കാണുകയുണ്ടായി.

സബ്ബ്എഡിറ്റർ പത്രമാപ്പീസിൽ വരുന്ന എല്ലാ വാർത്തകളും ഫീച്ചറുകളും എഡിറ്റ് ചെയ്യുകയും മാറ്റി എഴുതുകയും ചെയ്യുന്നു. ടെലിപ്രിൻററിലൂടെയും ടെലക്സിലൂടെയും, തപാൽവഴിയായും, റിപ്പോർട്ടർമാർ എഴുതിക്കൊടുക്കുന്ന 'കോപ്പി' ആയും മറ്റും വരുന്ന എല്ലാ രേഖകളും അവരുടെ സംശോധനയ്ക്ക് വിധേയമാണ്. ആവശ്യമായവ തിരഞ്ഞെടുക്കുക, ദീർഘമായവ വെട്ടിക്കുറക്കുക, നല്ല ശീർഷകങ്ങൾ എഴുതിച്ചേർക്കുക, മാറ്റർ മാറ്റി എഴുതുക തുടങ്ങിയവയ്ക്കെല്ലാം വൈദഗ്ദ്ധ്യമേറെ ആവശ്യമാണ്. എന്നാൽ റിപ്പോർട്ടിംഗ് ജോലി

ક્રિકેટથી થાકેલો લોઈડ વિશ્વકપની હારનો બદલો લેવા માંગે છે?



નવરાતરમાં નવરા પેથાભાઈના તરંગ-તુક્કા

ભારતીય સંસ્કૃતિના અમૂલ્ય વારસા સમા બે અમૂલ્ય ગ્રંથો



મોહસીન ખાને આવું નાટક કેમ કર્યું ?

ഗുജറാത്ത് സമാചാർ ഞായറാഴ് ചപ്പതിപ്പ് ..

കാർട്ടൂണിസ്റ്റ് അബു ജോലിക്കിടയിൽ

ഇഷ്ടപ്പെടുന്നവർ ഇത് വെറും 'ഡെസ്ക്' ജോലിയായി കരുതുന്നു. ഇത് ഓരോരുത്തരുടേയും ഇഷ്ടാനിഷ്ടങ്ങളുടെ പ്രശ്നമാണ്. ചിലർക്ക് ഡെസ്ക് ജോലിയാണ് ഇഷ്ടം. മറ്റ് ചിലർക്കാകട്ടെ പുറത്തുപോയി ആളുകളെ കാണുന്നതും, ബന്ധങ്ങൾ പ്രയോജനപ്പെടുത്തുന്നതും, വിവരങ്ങൾ അന്വേഷിച്ചറിയുന്നതും ആണ് ഇഷ്ടം. യഥാർഥത്തിൽ അല്പമെങ്കിലും സബ്എഡിറ്ററുടെ ജോലിചെയ്യാത്ത റിപ്പോർട്ടർ തന്റെ ജോലിയിൽ വേണ്ടത്ര ശോഭിക്കുകയില്ല. കാരണം അങ്ങിനെ ചെയ്താൽ മാത്രമേ അയാൾ വ്യക്തമായും, കുറഞ്ഞ വാക്കുകൾകൊണ്ടും എഴുതാൻ പഠിക്കുകയുള്ളൂ. അതുപോലെതന്നെ എല്ലാ സബ്എഡിറ്റർമാരും കുറച്ചുകാലത്തേക്കെങ്കിലും റിപ്പോർട്ടർമാരായിരുന്നിരി

ക്കണം, എന്നാൽ മാത്രമേ കഥയുണ്ടാക്കുന്ന സാഹചര്യം അവർക്കു മനസ്സിലാവുകയുള്ളൂ.

അസിസ്റ്റൻറ് എഡിറ്റർമാർ മറ്റൊരു വിഭാഗമാണ്. എണ്ണത്തിൽ അവർ അധികം ഉണ്ടാവില്ല. അവർ മുഖപ്രസംഗങ്ങളെഴുതും; ചിലപ്പോൾ പംക്തികളും. അവർ വായനക്കാരുടെ കത്തുകൾ നോക്കുകയും പുറമേനിന്നു ലഭിക്കുന്ന ലേഖനങ്ങൾ പരിശോധിക്കുകയും ചെയ്യും. അസിസ്റ്റൻറ് എഡിറ്റർമാരിൽ ഒരാൾ ഞായറാഴ്ചപ്പതിപ്പിലെ മാഗസിൻ വിഭാഗത്തിൽവരുന്ന പ്രത്യേകഫീച്ചറുകളും മറ്റും പരിശോധിക്കുന്നു.

ഒരു പത്രത്തിലെ കുട്ടികളുടെ പേജ്

ഒരു ലറ്റർപ്രസ്സ് ദിനപത്രത്തിലെ എഡിറ്റോറിയൽ ചുമതലകൾ കാണിക്കുന്ന ചാർട്ട്



ഒരു ലറ്റർപ്രസ്സ് ദിനപത്രത്തിലെ എഡിറ്റോറിയൽ ചുമതലകൾ കാണിക്കുന്ന ചാർട്ട്

പ്രത്യേകമായി ക്യൂബിക്കിളിൽ ഇരുന്നു പണിയെടുക്കുന്ന ന്യൂസ് എഡിറ്റർ സാധാരണയായി (ചീഫ് റിപ്പോർട്ടരുടെ കീഴിൽ പ്രവർത്തിക്കുന്ന) റിപ്പോർട്ടർ മാരുടെ പൊതുവായ ചുമതലയുള്ള ആളായിരിക്കും. അതുപോലെ (ചീഫ് സബ്എഡിറ്ററുടെ കീഴിൽ പ്രവർത്തിക്കുന്ന) സബ്എഡിറ്റർമാരുടെ ചുമതല യും അയാൾക്കായിരിക്കും. ന്യൂസ് എഡിറ്റർ സാധാരണയായി മറ്റു നഗരങ്ങ ളിൽ പ്രവർത്തിക്കുന്ന ലേഖകന്മാരുടെ മേൽനോട്ടവും വഹിക്കുന്നതാണ്.

പത്രത്തിന് വലുപ്പം കൂടുന്തോറും അതിൻെറ സംഘടനാരൂപത്തിലും വലുപ്പമുണ്ടാകും. ഡപ്യൂട്ടി ന്യൂസ് എഡിറ്റർമാർ, സയൻസ് എഡിറ്റർമാർ, പിക്ചർ എഡിറ്റർമാർ തുടങ്ങിയവരുമുണ്ട്. പക്ഷെ, ഈ ശൃംഖലകളെല്ലാം എത്തിച്ചേരുന്നത് എഡിറ്ററിലാണ്. നേതൃത്വത്തിലിരിക്കുന്ന എഡിറ്റർ മുൻ പറഞ്ഞവരുടെ എല്ലാം ജോലികൾ ക്രമീകരിക്കുന്നു. എഡിറ്ററെ ഏതാണ്ട് താരതമ്യപ്പെടുത്താവുന്നത് സംഗീതവാദ്യവൃന്ദത്തിൻെറ കണ്ടക്ടരോടാണ്. വാദ്യവൃന്ദത്തിലെ എല്ലാ വാദകന്മാരും സ്വന്തം ഉപകരണങ്ങൾ പ്രത്യേകമായി വായിക്കുന്ന അതേ അവസരത്തിൽ കണ്ടക്ടരുടെ നിർദേശം അനുസരിക്കുക യും സിംഫണിയിൽ കൂടിച്ചേരുകയും ചെയ്യുന്നു.

പത്ര ആഫീസിൽ എഡിറ്റർക്ക് നിശ്ചയമായും സ്വന്തം ക്യൂബിക്കിൾ ഉണ്ടാവും. പക്ഷെ, ഓരോ പത്രത്തിലും ഓരോ തരത്തിലുള്ള പങ്കാണ് അയാൾ വഹിക്കുന്നത്. ചില പത്രങ്ങളിൽ അയാൾ ഒരു എഴുത്തുകാരനായിരിക്കും; തീരുമാനങ്ങൾ എടുക്കുകയും, എഴുതുകയും മുഖപ്രസംഗങ്ങൾ തയ്യാറാക്കി കൊടുക്കുകയും, എഡിറ്റോറിയൽ പേജ് നിയന്ത്രിക്കുകയും ചെയ്തുകൊണ്ട്, ബാക്കി കാര്യങ്ങളിൽ അയഞ്ഞ നിയന്ത്രണംമാത്രം നിലനിർത്തി, തൻെറ സഹപ്രവർത്തകർക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകും. അല്ലെങ്കിൽ അയാൾക്ക് ഒരു ആസൂത്രകനാകാം. വാർത്തകൾ കൊടുക്കുന്നതിൻെറ മാതൃകയും അഭി പ്രായങ്ങൾ പ്രകടിപ്പിക്കേണ്ട സമ്പ്രദായവും മറ്റും ആലോചിച്ച് ആസൂത്രണം ചെയ്യുന്ന എഡിറ്റർക്ക്, തൻെറ സർഗശക്തി മുഴുവൻ അതിൽ പ്രകടിപ്പിക്കേ ണ്ടിവരുന്നതുകൊണ്ട്, എഴുതാൻ സമയം കിട്ടി എന്നുവരുന്നതല്ല. ഇത് അസാ ധാരണമായി തോന്നാം. പക്ഷെ, ലോകത്തിൽ ഏറ്റവും ചലനാത്മകത്വമുള്ള എഡിറ്റർമാർ, ആശയങ്ങൾക്ക് പിറവി നൽകുകയും ആസൂത്രണം നടത്തുക യും മറ്റുള്ളവർക്ക് എഴുതാൻ ആവേശം പകരുകയും ചെയ്യുന്നതിലാണ് വ്യാപൃതരായി കാണുന്നത്.

ഇന്ത്യയിലെ എഡിറ്റർമാർ അധികവും മുഖപ്രസംഗമെഴുത്തുകാരാണ്. ആസൂത്രണത്തിൽ വ്യാപൃതരായവരല്ല. ചില രാജ്യങ്ങളിൽ ആസൂത്രകന്മാർ ക്കാണ് പ്രിയം; ഇന്ത്യയിൽ ചുരുക്കം എഡിറ്റർമാർ മാത്രമേ ഈ മാതൃകയിൽ പെടുന്നവരായുള്ളൂ.

4 പ്രസ്സിൽനിന്നു ചൂടോടെ

പത്രത്തിൻെറ പിന്നിൽ പ്രവർത്തിക്കുന്നത് ആരാണ്? നിങ്ങൾ വിചാരിക്കും "പത്രപ്രവർത്തകർ" എന്ന ഒറ്റവാക്കിൽ ഉത്തരം പറയാമെന്ന്. ഈ ഉത്തരം ഭാഗികമായേ ശരിയാവുന്നുള്ളൂ. പത്രത്തിൽ കാണുന്ന വാർത്തയും അഭിപ്രായവുമൊക്കെ പത്രപ്രവർത്തകരുടേതുതന്നെ. പക്ഷെ, പത്രം അച്ചടിക്കേണ്ടതുണ്ട്; യന്ത്രങ്ങളും അസംസ്കൃത സാധനങ്ങളും വാങ്ങുന്നതിനും, കണക്കുകൾ സൂക്ഷിക്കുന്നതിനും, പത്രം വിതരണം നടത്തുന്നതിനും, പൊതുവിൽ പറഞ്ഞാൽ പത്രം നടത്തിക്കൊണ്ടു പോകുന്നതിന്, വ്യാപാരാടിസ്ഥാനത്തിലുള്ള ഒരു സംഘടന ഉണ്ടാവണം. അതിന് ഒരു ഉടമവേണം. ഒരു പക്ഷെ, അത് ഒരു വ്യക്തിയോ, കുടുംബമോ ആവാം; അല്ലെങ്കിൽ ഒരു ട്രസ്റ്റോ, പങ്കാളികളുടെ കൂട്ടായ്മയോ ആവാം; അതും അല്ലെങ്കിൽ ഒരു രാഷ്ട്രീയപാർട്ടിയോ, വ്യവസായങ്ങളുടെ കൂട്ടായ്മയോ ആവാം.

നമുക്ക് അച്ചടിശാലയിലേക്കു കടന്നുചെല്ലാം. അച്ചുകൂടത്തിൽ അനേകം പേർ പ്രവർത്തിക്കുന്നു. ചിലപ്പോൾ അവിടെ കൈയ്യെഴുത്തു വിദഗ്ധർ ഉണ്ടാവാം; ഉറുദുഭാഷയിലുള്ള പത്രങ്ങളിൽ മുമ്പ് ഇവരുടെ സേവനം അത്യാവശ്യമായിരുന്നു. (ഫോട്ടോ പ്രിൻറിങ് സൗകര്യമുള്ള ആധുനിക ഉറുദു അച്ചുകൂടങ്ങളിലും ഇവരെ ആവശ്യമുണ്ട്.) ഇവർ ഓരോ പേജും സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കിയതിനുശേഷം, അതിൻെറ പകർപ്പ് ഫോട്ടോഗ്രഫി സംപ്രദായത്തിൽ എടുത്ത് അച്ചടിക്കുന്നു. പ്രൂഫ് വായനക്കാരും അവിടെയുണ്ട്. ഇവരെ കണക്കിലെടുക്കേണ്ടതില്ലെന്നാണ് ആളുകളുടെ വിചാരം. അതു ശരിയല്ല. അവരുടെ ജോലി പ്രധാനപ്പെട്ടതാണ്. കാരണം അവർ എത്ര



കൈയ്യെഴുത്തു വിദഗ്ധൻ ജോലിചെയ്യുന്നു

സൂക്ഷ്മതയോടെ അവരുടെ ജോലി ചെയ്യുന്നുവോ, പത്രത്തിൽ അത്രകണ്ട് തെറ്റുകൾ കുറയും; തെറ്റുകൾ കുറയുന്നതിനനുസരിച്ച് തങ്ങൾ വായിക്കുന്നതിൽ ജനങ്ങൾക്ക് വിശ്വാസമേറുകയും ചെയ്യും.

പത്രങ്ങളിൽ വാർത്ത എത്തിക്കുന്നവരെയും വായനക്കാരുടെ വസതികളിൽ പത്രം എത്തിക്കുന്നവരെയും നമുക്ക് മറക്കാൻ പാടില്ല. പത്രത്തിൻെറ പ്രധാന ആപ്പീസിൽ ഉള്ള റിപ്പോർട്ടർമാരെ കൂടാതെ ജില്ലാകേന്ദ്രങ്ങളിലും ഗ്രാമങ്ങളിൽ പോലും ലേഖകന്മാരുണ്ടാകും. അവർ തപാൽ വഴിയും കമ്പിവഴിയും വാർത്തകൾ അയയ്ക്കുന്നു. ചിലരാകട്ടെ, ടെലിഫോണിൽകൂടിയും ടെലിപ്രിൻററിൽ കൂടിയും വാർത്തകളെത്തിക്കും. അവരൊക്കെത്തന്നെ പത്രത്തിൻെറ മുഴുവൻ സമയ ജോലിക്കാരായിക്കൊള്ളണമെന്നില്ല. അവർ ഒഴിവുസമയം പത്രലേഖകരായി പ്രവർത്തിച്ച് ചെറിയതോതിൽ പുറംവരുമാനം ഉണ്ടാക്കുന്നവരായിരിക്കാം.

ചെറിയ സ്ഥലങ്ങളിൽ പത്രംവില്പനക്കാരായ ഏജൻറുമാർ തന്നെ വാർത്തകൾ നൽകുന്ന ലേഖകന്മാർ കൂടിയായിരിക്കും. കേരളത്തിൽ പ്രത്യേകിച്ചും ഇതാണ് സ്ഥിതി; ഇന്ത്യയിൽ മറ്റേതു പ്രദേശത്തെക്കാളുമേറേ എഴുതാനും വായിക്കാനുമറിയുന്നവർ കേരളത്തിലാണല്ലോ. ലക്ഷക്കണക്കിനു കോപ്പികൾ വില്ക്കുന്ന പത്രങ്ങൾ ഇവിടെയുണ്ട്.

ലിനൊടൈപ്പ് യന്ത്രങ്ങൾ



ഗെടിക്സ്

ഇപ്പോൾ പ്രത്യേകജോലിയ്ക്ക് പ്രത്യേക പരിശീലനം സിദ്ധിച്ചവരാണ് അധികവും. പത്രത്തിന്റെ പേജ്, അവസാന വിശദാംശംവരെ ആസൂത്രണം ചെയ്യുന്ന ഡിസൈനർമാരുണ്ട്. നൂറുകണക്കിൽ ഫോട്ടോഗ്രാഫുകളിലൂടെ കണ്ണോടിച്ച് തങ്ങൾക്ക് ആവശ്യമുള്ളത് തിരഞ്ഞെടുക്കുന്ന ഫോട്ടോഗ്രാഫർമാരും ഫോട്ടോ എഡിറ്റർമാരും ഉണ്ട്. ശാസ്ത്രം, വാസ്തുശില്പം, രാജ്യരക്ഷ, പരിസ്ഥിതി, വിദ്യാഭ്യാസം, മതം മുതലായ വിഷയങ്ങളിൽ പ്രത്യേക വൈദഗ്ധ്യം നേടിയ എഴുത്തുകാരും ലേഖകന്മാരും ഉണ്ട്.

സാങ്കേതിക വിദ്യ

അച്ചടിയന്ത്രം സ്ഥിതിചെയ്യുന്ന താഴത്തെ നില, ശാന്തമായ അന്തരീക്ഷമുള്ള ന്യൂസ്റൂമിൽനിന്ന് ഏറെ വ്യത്യസ്തമായിരിക്കും. ഒരു കപ്പലിന്റെ ഇഞ്ചിൻമുറിപോലെയോ, ഫാക്ടറി പോലെയോ ഉള്ള സ്ഥലമായിരിക്കും ഇത്. ഇവിടെ, അവസാനരൂപത്തിൽ തയ്യാറാക്കിയ പത്രത്തിന്റെ പേജുകാത്ത് അച്ചടിയന്ത്രം ഇരിപ്പാണ്.

ഈ ഹാളിൽ കനത്തതും ഭീമാകാരവുമായ ലോഹയന്ത്രങ്ങൾ സ്ഥിതിചെയ്യുന്നു. ഇത് ലിനോടൈപ്പ് യന്ത്രങ്ങളാണ്. ചെറിയ ഫാക്ടറികളെപ്പോലെയുള്ള അവയുടെ മു

കളിൽ ഈയക്കഷണങ്ങൾ തൂങ്ങിക്കിടപ്പുണ്ടാകും. ഈ ഈയക്കഷണങ്ങൾ ഉരുക്കിയാണ് "സ്ലഗ്സ്" എന്നു വിളിക്കുന്ന വെള്ളിനിറത്തിലുള്ള ചെറിയ അക്ഷരങ്ങൾ വാർത്തെടുക്കുന്നത്. ലിനോടൈപ്പ് യന്ത്രത്തിന്മേൽ ടൈപ്പോഗ്രാഫ് വെക്കുന്നതോടെയാണ് കമ്പോസിങ് ജോലി ആരംഭിക്കുന്നത്. ടൈപ്പോഗ്രാഫ് യന്ത്രം ആകൃതിയിൽ ടൈപ്പ്റൈറ്റർ പോലെയിരിക്കും. എഡിറ്റർമാർ തയ്യാറാക്കുന്ന വാർത്താലേഖനംനോക്കി ഓപ്പറേറ്റർ ടൈപ്പ് ചെയ്യുമ്പോൾ അവർ അമർത്തുന്ന കട്ടകളുടെ പ്രവർത്തനഫലമായി അക്ഷരമൂശകളിൽ (ഇതിന് മെട്രിക്സ് എന്നാണ് പറയുക) ഉരുകിയ അക്ഷരങ്ങൾ രൂപം കൊള്ളുകയും വരികൾ ഓരോന്നായി വാർത്തു വിടുകയും ചെയ്യുന്നു. ഈ പ്രക്രിയയെ "ലൈൻ-ഒ-ടൈപ്പ് " എന്ന് വിശേഷിപ്പിക്കുവാനുള്ള കാരണം ഇതാണ്.

വാർത്തെടുത്ത വരികളുടെ നിരകൾകൊണ്ട് നിറഞ്ഞതട്ടുകൾ ഒരു വലിയ ലോഹച്ചട്ടയിൽ ചേർത്തുവയ്ക്കുന്നു . ലോഹത്തിൽ കമ്പോസ് ചെയ്തുവച്ച ഒരു പേജാണിത്. പൂർണമായും കൂട്ടിച്ചേർത്തുകഴിഞ്ഞ ഈ പേജിന്മേൽ "ഫ്ളോങ്" എന്ന് വിളിക്കപ്പെടുന്ന പ്രത്യേകരീതിയിലുള്ള ഒരു പൾപ്പ് ബോർഡ് അമർത്തിവച്ച് മുദ്രണം ചെയ്ത് പതിപ്പ് എടുക്കുന്നു. ഫ്ളോങ് ഉള്ളു വളഞ്ഞ ഷീറ്റാക്കി എടുത്ത് അതിൽ ഉരുകിയ ലോഹമൊഴിക്കുന്നു. തണുത്തശേഷം ഏതാണ്ട് മുപ്പതുകിലോ ഭാരമുള്ള ഈ ഷീറ്റ് റോട്ടറി പ്രസ്സിന്റെ റൊളുകളിന്മേൽ ഘടിപ്പിക്കുന്നു. മറ്റേ അറ്റത്ത് വെളുത്ത അച്ചടിക്കടലാസ്സിന്റെ വലിയ റോളുകൾ, സ്പിൻറിലുകൾ എന്ന് അറിയപ്പെടുന്ന ഭാഗത്ത് തൂക്കി ഇടുന്നു. അച്ചടിയന്ത്രം പ്രവർത്തിക്കാൻ തുടങ്ങുന്നതോടെ ഒരു ഭാഗത്തുനിന്ന് കടലാസ് ചുരുളുകൾ വിടർന്ന് അതിനകത്തേക്ക് പ്രവേശിക്കുകയും മറുവശത്തുനിന്നും അച്ചടിച്ച് മടക്കിയ പത്രം പുറത്തേക്ക് വരികയും ചെയ്യും. നല്ലവേഗതയുള്ള പ്രസ്സ് ആണെങ്കിൽ മണിക്കൂറിൽ അമ്പത്-അറുപത് ആയിരം കോപ്പിവരെ അച്ചടിക്കാൻ കഴിയും.

ഇത്തരത്തിലുള്ള അച്ചടിയന്ത്രങ്ങൾ ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. "ഓഫ് സെറ്റ്" എന്ന സമ്പ്രദായത്തിൽ അച്ചടി നിർവഹിക്കുന്ന യന്ത്രങ്ങൾക്കാണ് ഇപ്പോൾ കൂടുതൽ പ്രചാരമുള്ളത്. കമ്പോസ് ചെയ്ത് തയ്യാറാക്കിയ പേജിന്റെ 'നെഗറ്റീവ്' എടുത്ത് ഫോട്ടോഗ്രഫിക് സമ്പ്രദായം ഉപയോഗിച്ച് അക്ഷരങ്ങളുടെയും ചിത്രങ്ങളുടെയും രൂപങ്ങൾ ഒരു ഓഫ്സെറ്റ്



ഒരു പത്രത്തിൻെറ പേജ് മേക്കപ്പ്



ന്യൂസ്പ്രിൻറ് ചുരുൾ

മെട്രിസ്

പ്ലേറ്റിലേക്ക് പകർത്തുന്നു. അലൂമിനിയത്തിൻെറയോ ഈയത്തിൻെറയോ പ്ലേറ്റുകളാണ് ഇതിന് ഉപയോഗിക്കുന്നത്. ഈ പ്ലേറ്റ് അച്ചടിയന്ത്രത്തിന്മേൽ ഘടിപ്പിച്ച് അച്ചടി നിർവഹിക്കുന്നു.

'ന്യൂസ്പ്രിൻറ്' എന്നു പറയുന്ന ഒരു പ്രത്യേകതരം കടലാസിലാണ് വൃത്താന്തപത്രങ്ങൾ അടിക്കുന്നത്. ഈ കടലാസ് ജലാംശം അതിവേഗം വലിച്ചെടുക്കുന്നു. അച്ചടിമഷിയുടെ നനവ് അതിവേഗം അതിൽ ആറിപ്പോകുന്നു. അച്ചടിക്കുന്ന സമയത്ത് മഷി പരക്കുകയില്ല.

അച്ചടി നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ തന്നെ അച്ചടിയന്ത്രത്തിലെ വേറെ ചില ഉപകരണങ്ങൾ കടലാസ് മുറിക്കുകയും, അടുക്കി, മടക്കി, ശേഖരിച്ച് വെക്കുകയും ചെയ്യുന്നു.

പത്രത്തിൻെറ അച്ചടിശാലയിൽ ശബ്ദവും തിരക്കും ഏറെ ഉണ്ടാവും. കടലാസ് കുന്നുകൾ ജോലിക്കാർ നീക്കിക്കൊണ്ടിരിക്കുന്നുണ്ടാവും. ഓവർ കോട്ടും അപ്രോണും ധരിച്ച തൊഴിലാളികൾ ഈയ സ്ലഗ്ഗുകൾ നിറച്ച തട്ടുകളുടെ ഭാരം വഹിച്ചുകൊണ്ട് ദ്രുതഗതിയിൽ നീങ്ങുന്നുണ്ടാവും; അടുത്ത ദിവസത്തെ പത്രം സമയത്തിന് പുറത്തിറക്കുവാനുള്ള തിരക്കു പിടിച്ച ശ്രമത്തിലായിരിക്കും അവരെല്ലാം.

പക്ഷെ, ഇലക്ട്രോണിക് ന്യൂസ്റൂമുകളുടെ ആരംഭത്തോടുകൂടി വൃത്താന്ത പത്രങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട ശബ്ദവും ബഹളവും അഴുക്കും മറ്റും ഗണ്യമായി കുറയുമെന്ന് കരുതാം. തൽസമയത്ത് എലക്ട്രോണിക് യന്ത്രങ്ങളുടെ മൂളലും ഞെരങ്ങലും വന്നുവെന്നുവരാം. നമ്മുടെ രാജ്യത്തെ പല പത്രങ്ങളും ഇപ്പോൾ തന്നെ ഫോട്ടോ ടൈപ്പ്സെറ്റിങ്ങും 'ഫാക്സിമിലി' സമ്പ്രദായവും പ്രയോഗത്തിൽ വരുത്തിയിട്ടുണ്ട്. പത്രത്തിൻെറ ഉല്പാദനം ഇതു എളുപ്പമാകുന്നു എന്നുമാത്രമല്ല വേഗതയും കൂടുന്നു. പല പത്രങ്ങളും ആസ്ഥാനത്തുനിന്ന് അകലെയുള്ള നഗരങ്ങളിൽ സ്വന്തം പത്രത്തിൻെറ പതിപ്പുകൾ പുറപ്പെടുവിക്കുന്നത് 'ഫാക്സിമിലി' ഉപയോഗിച്ചാണ്. ഈ സമ്പ്രദായ പ്രകാരം ഹെഡ്ഓഫീസിൽ നിന്ന് പേജുകളുടെ പ്രതിരൂപം ഈ സ്ഥലങ്ങളിലേക്ക് റേഡിയോ തരംഗ



ടൈപ്പ്സെറ്റിംഗ് ഓപ്പറേറ്റർമാർ പ്രവൃത്തിയിൽ

കംപ്യൂട്ടർ ഔട്ട്പുട്ട് വിഭാഗം



ങ്ങളായി അയക്കുകയും അതുപയോഗിച്ച് അവിടെ അച്ചടിക്കുകയുമാണ് ചെയ്യുന്നത്.

പുറം രാജ്യങ്ങളിലെ വൃത്താന്തപത്രലോകത്തിൽ ഇലക്ട്രോണിക് വിപ്ലവം വരുത്തിയ മാറ്റങ്ങൾ ഇതിനെക്കാൾ വിപുലമാണ്. പുതിയ സമ്പ്രദായ പ്രകാരം കുറഞ്ഞ സമയവും കുറഞ്ഞ അധ്വാനവും കുറഞ്ഞചിലവും കൊണ്ട് പത്രം അച്ചടിച്ചു പുറത്തിറക്കാനുള്ള സൗക

പേപ്പർ ഒട്ടിച്ചുവെക്കുന്നത്



ഫാക്സിമിലി വിനിമയം

രൃങ്ങൾ ഉണ്ടായിരിക്കുന്നു. മുപ്പതുമിനി റ്റുകൊണ്ട് പതിനഞ്ച് പേജ് എഡിറ്റ് ചെയ്ത് കമ്പോസ് ചെയ്ത് പുറത്തിറക്കി വായനക്കാരുടെ കൈക ളിലെത്തിക്കാൻ കഴിയും.

പത്രപ്രവർത്തകന് തന്റെ എലക്ട്രോ ണിക് ടൈപ്പ്റൈറ്റർ ടെലിഫോണുമാ യി ബന്ധിച്ച് വാർത്താലേഖനം ടൈപ്പ് ചെയ്ത് എടുക്കാം. അത് നേരിട്ട് എലക് ട്രോണിക് ന്യൂസ് റൂമിൽ സ്വീകരിക്കാം. ഒരു സബ് എഡിറ്റർക്ക് ഒരു സ്ക്രീനിൽ നോക്കി അതു ശരിപ്പെടുത്താം; എന്നിട്ട് കമ്പ്യൂട്ടറിൽ കമ്പോസിങ്ങിന് കൊടു ക്കാം. കമ്പ്യൂട്ടർ അയാൾക്ക് അതു മിനി റ്റുകൾക്കകം പ്രൂഫ്കോപ്പി ആയി കൊ ടുക്കും. വാർത്താഏജൻസികളുടെ സന്ദേശങ്ങളും നേരിട്ട് കമ്പ്യൂട്ടർ കമ്പോസിങ് യന്ത്രങ്ങളിലേക്ക് കൊടു ക്കാം. തെറ്റ് തിരുത്തുന്നതിന് നോ ക്കുന്ന സ്ക്രീനുകളെ, 'വിഷൽ ഡിസ് പ്ലെ ടെർമിനലുകൾ' എന്നു വിളിക്കു ന്നു. കമ്പ്യൂട്ടറുകൾ നിയന്ത്രിക്കുന്ന ഫോട്ടോ ടൈപ്പ്സെറ്ററുകളാണ് അച്ചടി നടത്തുന്നത്.

ഇന്ത്യയിലും മാറ്റങ്ങൾ വരുന്നുണ്ട്. പക്ഷേ, നമ്മുടെ വൃത്താന്തപത്രങ്ങൾ വളരെ ഏറെ പേർക്ക് ജോലി കൊടു ക്കുന്നു. സാങ്കേതികമായി വളരെയേറെ പുരോഗമിച്ച രാജ്യങ്ങളിലുള്ളത്ര വേ ഗത നമുക്ക് ഇവിടെ അത്യാവശ്യവു മില്ല

5. മാനേജ്മെൻറ്

ചെറുകിട ഇന്ത്യൻ വൃത്താന്തപത്രങ്ങളിൽ അധികാരം ഏകകേന്ദ്രത്തിൽ സ്ഥിതിചെയ്യുന്നു — മാനേജരും എഡിറ്ററും ഒരാൾ തന്നെ. സാധാരണനില യിൽ ഉടമയും അയാൾ തന്നെ ആയിരിക്കും. ഇക്കാലത്ത് ഉടമസ്ഥതയും നിയന്ത്രണവും നടത്തുന്നതിന് പല മാതൃകകളുണ്ട്. നമ്മൾ അതു പരിശോധി ക്കേണ്ടിയിരിക്കുന്നു. ജീവനക്കാരുടെ തന്നെ സഹകരണസംഘങ്ങൾ നട ത്തുന്ന പത്രങ്ങളുണ്ടാവാം; അതേ അവസരത്തിൽ പ്രസാധകനോ, മാനേജരോ നടത്തുന്ന പത്രങ്ങളുമുണ്ടാവാം.

എഡിറ്റോറിയൽ സ്റ്റാഫില്ലാതെ പത്രം ഉണ്ടാക്കാനാവില്ല, മാനേജിരിയൽ സ്റ്റാഫില്ലാതെ പത്രം നിലനിർത്താനുമാവില്ല. അധികം രാജ്യങ്ങളിലും പത്ര ത്തിൻെറ വില അത് അച്ചടിക്കുന്ന കടലാസിൻെറ വിലയെക്കാൾ കുറഞ്ഞതാ യിരിക്കും. പത്രസ്ഥലം പരസ്യക്കാർക്കു വില്ക്കുന്നതുകൊണ്ടാണ് ഇതു സാധിക്കുന്നത്. പരസ്യങ്ങൾ വഴികിട്ടുന്ന വരുമാനം കൊണ്ട് പത്രത്തിൻെറ ഉല്പാദനച്ചെലവും എഡിറ്റോറിയൽ സ്റ്റാഫിൻെറയും മാനേജീരിയൽ സ്റ്റാ ഫിൻെറയും ശമ്പളച്ചെലവും വഹിക്കാൻ കഴിയുമെന്നു മാത്രമല്ല, പത്രം ലാഭകരമായിത്തന്നെ നടത്താനും കഴിയും.

മാനേജീരിയൽ സ്റ്റാഫിൻെറ ഏറ്റവും പ്രധാനപ്പെട്ട ജോലികളിലൊന്ന് പരസ്യം സമ്പാദിക്കുകയാണ്. അവർ അതു ചെയ്യുന്നത് പത്രത്തിൻെറ അഡ് വർടൈസ്മെൻറ് വകുപ്പിലൂടെയാണ്. അതിലെ ജോലിക്കാർ വലുതും ചെറുതു മായ പരസ്യക്കാരെ നേരിട്ടു കാണുകയും തങ്ങളുടെ പത്രത്തിൽ പരസ്യം ചെയ്യുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അമേരിക്കൻ പത്രങ്ങൾക്ക്



പത്രത്തിലെ പരസ്യങ്ങൾ

നൂറ്റിരുപത് മുതൽ നൂറ്റി അറുപത്‌വരെ പേജുകളും ബ്രിട്ടീഷ് പത്രങ്ങൾക്ക് അറുപതോ എൺപതോ പേജുകളും ഉണ്ടാവുന്നത് പരസ്യങ്ങൾ കൊണ്ടാണ്. അമേരിക്കയിലെയും ബ്രിട്ടനിലെയും പത്രങ്ങളുടെ ഞായറാഴ്ചപ്പതിപ്പുകൾക്ക് ഒരു കിലോവിലധികം തൂക്കം ഉണ്ടാകും.

പരസ്യങ്ങളാണ് പത്രങ്ങളെ നിലനിർത്തുന്നത്. പരസ്യങ്ങൾ വേണ്ടെന്നുവെച്ചാൽ പത്രങ്ങളുടെ വില അഞ്ചോ, ആറോ ചിലപ്പോൾ പത്തോ ഇരട്ടി വർധിപ്പിക്കേണ്ടിവരും; അങ്ങിനെ വന്നാൽ വളരെ കുറച്ചുപേർക്കു മാത്രമേ അത് വിലകൊടുത്തുവാങ്ങി വായിക്കാൻ കഴിയൂ. റഷ്യ, ചൈന, പോളണ്ട്, വിയറ്റ്നാം തുടങ്ങിയ സോഷ്യലിസ്റ്റ് രാജ്യങ്ങൾ പരസ്യം പ്രയോജനപ്രദമല്ല എന്ന് കരുതി അത് വേണ്ടെന്നുവച്ചിരിക്കുന്നു. പത്രങ്ങൾ പ്രധാനങ്ങളാണെന്ന് ഗവൺമെൻറ് കരുതുന്നു; അതുകൊണ്ട് ധാരാളം പണം അവയ്ക്കു വേണ്ടി ചിലവാക്കുന്നു. അവിടങ്ങളിൽ പത്രങ്ങൾ സ്വകാര്യ ഉടമയിലല്ല; ഏതെങ്കിലും സംഘടനകളോ, സർക്കാരിൻെറ ഘടകങ്ങളോ ആണ് അവ നടത്തുന്നത്. ഭരിക്കുന്ന കക്ഷി, കൃഷിക്കാരുടെ സംഘടന, സേനാവിഭാഗം, യുവജന സംഘടന ഇവ ഇക്കൂട്ടത്തിൽ പെടും.

ഏറ്റവും കൂടുതൽ പരസ്യം നൽകുന്നത് ഗവർമെൻറുകളാണ്. അതുകൊണ്ട് തന്നെ അവയ്ക്ക് പത്രങ്ങളുടെ മേൽ സാമാന്യം അധികാരവുമുണ്ട്. പരസ്യം കൊണ്ട് ഗുണമോ, ദോഷമോ അധികമുള്ളതെന്ന് തീരുമാനിക്കുക പ്രയാസമാണ്.

മാനേജ്മെൻറിന് മറ്റ് ഉത്തരവാദിത്തങ്ങളുമുണ്ട്. പത്രവിൽപന, അത് സ്ഥിതിചെയ്യുന്ന നഗരത്തിൽ മാത്രമല്ല, ബന്ധപ്പെട്ട മേഖലയിലാകെത്തന്നെ സംഘടിപ്പിക്കേണ്ടത് മാനേജ്മെൻറാണ്. ഇതൊരു വിഷമം പിടിച്ച ജോലിയാണ്. അങ്ങേയറ്റത്തെ മത്സരമുള്ള രംഗമാണത്. നന്നെ രാവിലെ പത്രങ്ങൾ വഹിച്ചുകൊണ്ട് വാനുകൾ മുന്നൂറോളം കിലോമീറ്റർ വരെ ഓടുന്നു. തെക്കെ ഇന്ത്യയിലെ ഒരു ദിനപത്രം മറ്റ് തെക്കേ ഇന്ത്യൻ നഗരങ്ങളിൽ വിമാനം വഴി കോപ്പികൾ എത്തിക്കാറുണ്ടായിരുന്നു. സ്വന്തം വിമാനങ്ങളാണ് അവർ അതിന് ഉപയോഗിച്ചിരുന്നത്. ആദ്യം ഹിറോൺ വിമാനങ്ങളും പിന്നീട് രണ്ട് എൻജിനുകളുള്ള ഡി.സി. 3 ഡക്കോട്ടാ വിമാനങ്ങളും.

പത്രങ്ങൾ ഏതെങ്കിലും ഒരു പ്രത്യേകസ്ഥലത്ത് എത്തിച്ചാൽ മൊത്തം

ഏജൻസിയുള്ളവർ അവിടെനിന്നും കെട്ടുകൾ ശേഖരിച്ച് ചെറുകിട ഏജൻസികൾക്ക് എത്തിച്ചുകൊടുക്കുന്നു. പത്രങ്ങൾ തിരഞ്ഞെടുത്ത് എത്തിക്കേണ്ടവരുടെ പേരുകൾ കുറിച്ചിടുന്നത് ചില്ലറ വില്പനക്കാരനാണ്. അവിടുന്നങ്ങോട്ട് പത്രം എത്തിക്കുന്നത് പത്രം വില്പനക്കാരനായ 'പയ്യൻ' ആണ്. അയാളുടെ ജോലി കഠിനമാണ്; രാവിലെ നാലുമണിക്ക് പണി തുടങ്ങണം. ശൈത്യകാലമായാലും, ചൂടുകാലമായാലും, മഴയായാലും, വെയിലായാലും ഞായറാഴ്ച ആയാലും, മറ്റ് ആഴ്ചകളായാലും അയാൾക്ക് വ്യത്യാസമൊന്നുമില്ല. അയാൾക്ക് താൻ വിതരണംചെയ്യുന്ന ഓരോ പത്രത്തിനും കമ്മീഷൻ കിട്ടുന്നു. പക്ഷേ, അയാളുടെ അധ്വാനം കഠിനമാണ്.

യൂറോപ്പിൽ അധികംപേരും ജോലിക്കുപോകുമ്പോൾ സ്റ്റാൻഡിൽനിന്നാണ് പേപ്പർ വാങ്ങുക. തിരിച്ചുവരുമ്പോൾ ആവശ്യക്കാർ സ്റ്റാൻഡിൽനിന്ന് വൈകുന്നേരത്തെ പത്രവും വാങ്ങും. ഇന്ത്യയിൽ (ജപ്പാനിലും) പത്രങ്ങൾ വീട്ടിലെത്തിക്കുകയാണ് ചെയ്യുന്നത്.

പത്രങ്ങൾ എന്താകണമെന്ന കാര്യത്തിൽ വ്യത്യസ്തങ്ങളായ ആശയങ്ങളുണ്ട്. ജപ്പാനിൽ നിങ്ങൾക്ക് ടി.വി. സ്ക്രീനിൽ പത്രം വായിക്കാമെങ്കിൽ ചൈനയിൽ ചുമരിന്മേൽ ഒട്ടിച്ച നിലയിലുള്ള പത്രങ്ങളുമുണ്ട്.

വളരെ പുരോഗതി പ്രാപിച്ച രാജ്യങ്ങളിൽ വൃത്താന്തപത്രപ്രസിദ്ധീകരണം ഉരുക്കുനിർമാണം പോലെയോ, തുണിനിർമാണംപോലെയോ ഒരു വ്യവസായമാണ്. ഇന്ത്യയിൽ അതൊരു വ്യവസായമാണ്, എന്നാൽ വ്യവസായമല്ലതാനും. നമുക്ക് ചെറുകിടപത്രങ്ങൾ ധാരാളമുണ്ട്; പലപ്പോഴും അത് ഒരാളുടെ, അല്ലെങ്കിൽ ഒരു കുടുംബത്തിന്റെ ഉടമയിലായിരിക്കും; ചെറുകിട വ്യാപാരമായി അതു നടന്നുകൊണ്ടുമിരിക്കും. അതേ അവസരത്തിൽ 'ശാസ്ത്രീയമായ മാനേജ്മെന്റ്' സമ്പ്രദായത്തിൽ പത്രം നടത്തുന്ന സ്ഥാപനങ്ങളുമുണ്ട്. വൻ വ്യവസായങ്ങൾ നടത്തുന്നതുപോലെതന്നെ.

6 നല്ല പത്രം എന്നാൽ

ഇനി, ഒരു പത്രത്തിന് വേണ്ടുന്ന ഗുണങ്ങൾ നമ്മുടെ പത്രത്തിന് ഉണ്ടോ എന്ന് പരിശോധിക്കാം. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിന്, നിങ്ങൾക്ക് സ്വന്തമായ 'പോയിൻറുകൾ' നിശ്ചയിക്കാം.

പത്രത്തിൻെറ മുൻപേജ്, ഒരു കടയുടെ 'ഷൊ വിൻഡൊ' പോലെയാണ് ഒരുപാട് എഡിറ്റോറിയൽ സാമർഥ്യം അതിൻെറ സംവിധാനത്തിൽ കാണിക്കണം — പ്രധാനപ്പെട്ട ചരക്കുകൾ തിരഞ്ഞെടുക്കുന്നതിൽ, അവയെ ക്രമപ്പെടുത്തി ഒരുക്കിവെക്കുന്നതിൽ, അവയെ 'പ്രദർശിപ്പിക്കുന്നതിൽ' സർവോപരി, സംക്ഷിപ്തമായും ഉള്ളിൽ തട്ടുന്ന വിധത്തിലും അവ എഴുതി തയ്യാറാക്കുന്നതിൽ. കിടമത്സരമുള്ളപ്പോൾ ഒരു പത്രത്തിൻെറ മുൻപേജ് മറ്റെ പത്രത്തിൻെറതു പോലെ ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ന്യൂസ് ഏജൻസി നൽകുന്നതും പരക്കെ സ്വീകരിക്കപ്പെടുന്നതുമായ വാർത്ത അതേരൂപത്തിൽ അവതരിപ്പിക്കുന്നതിനു പകരം മറ്റാർക്കും ലഭിക്കാത്ത ഒരു പുതിയ വിവരമോ പൊതുവെ ലഭ്യമായ വിവരത്തിനു തന്നെ ഒരു പുതിയ വീക്ഷണമോ നൽകുന്നതിൽ പത്രം സാമർഥ്യം കണിക്കേണ്ടിയിരിക്കുന്നു.

വാർത്തകൾ കൊടുക്കുമ്പോൾ ഏതെങ്കിലും ഭാഗത്തേക്ക് ചായാതെ, ചുരുക്കമായും കുറിക്കു കൊള്ളുംവിധമായും അതു ചെയ്യണം. പത്രം പ്രസിദ്ധപ്പെടുത്തുന്ന നഗരത്തെയും, നഗരം ഉൾപ്പെടുന്ന സ്റ്റേറ്റിനെയും, മേഖലയെയും, ലോകത്തെയും അത് 'കവർ' ചെയ്തിരിക്കേണ്ടതാണ്. ഇക്കാര്യത്തിലും വിവേകപൂർവമായ ഒരു മിശ്രണം ആവശ്യമായിരിക്കുന്നു. വായനക്കാർ ലോകത്തിൽ നടക്കുന്ന വലിയ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ബോധവാന്മാരാ



The Telegraph

Seema Mustafa
Look
Kingdom
of the Gods
Desmond Doig
on Taking
toothaches
to a God

In
Colour
Moon Moon
Sen:
Shooting
star

Exclusive
Mohinder Amarnath & Asif Iqbal
report on all
India vs Pakistan matches

64 massacred
in Shouf
mountains

Solar array opened

Insat back in form

Assam rasta
roko partial,
100 arrested

Police fire on
Pune sycos

India shifting
blame, says
Pakistan

Zia's motorcade stoned in Sind

Rains disrupt
Jammu trains

Power cut
affects TV

America accord

Radioactive source found in 4 parts

Nirankari shot

Lanka ... fail to take oath

Nepal

Mao forgotten

Basu in Delhi

PM wants phone
complaints probed

UN vote put off, setback to US

Reagan to attend
UN summit

Hyderabad quiet

Honey
Holidays

Colour
Magazine

ദ ടെലിഗ്രാഫിന്റെ ആദ്യ പേജ്

യിരിക്കണം എന്ന ലക്ഷ്യം പത്രത്തിന് ഉണ്ടാകണം. വാർത്ത 'കവർ' ചെയ്യുന്നതുതന്നെ ചിലവേറെയുള്ള കാര്യമാണ്. പത്രത്തിന് ലേഖകന്മാരുണ്ടായിരിക്കണം; മികച്ച വാർത്താ ഏജൻസിയുടെ സേവനം ലഭ്യമാക്കണം; നല്ല ഒരു ഫീച്ചർ ഏജൻസിയുടെയും — പറ്റുമെങ്കിൽ ഒന്നിലധികം — സേവനം നേടുകയാണ് നല്ലത്.

അടുത്തതായി ശ്രദ്ധിക്കേണ്ട കാര്യം വ്യാഖ്യാനവും വിശദീകരണവുമാണ്. ഇന്നത്തെ ലോകത്തിന്റെയും, ഇന്നത്തെ ഇന്ത്യയുടെയും പ്രശ്നങ്ങൾ സങ്കീർണങ്ങളും വിഷമംപിടിച്ചവയുമാണ്. ഈ പ്രശ്നങ്ങൾ ശരിക്കു മനസ്സിലാക്കി സ്വന്തം നിഗമനങ്ങളിലെത്തുവാൻ വായനക്കാരനെ സഹായിക്കുംവിധം വിശദീകരിക്കേണ്ടത് പത്രങ്ങളുടെ ചുമതലകളിലൊന്നാണ്.

അധികം പത്രങ്ങൾക്കും ഒരു എഡിറ്റോറിയൽ പേജ് ഉണ്ട്. ഈ പേജിൽ പത്രം അതിന്റേതായ അഭിപ്രായങ്ങൾ മുഖപ്രസംഗത്തിൽ കൂടി അറിയിക്കുന്നു. ഏറ്റവും നല്ല മുഖപ്രസംഗം ലളിതവും പ്രേരണാത്മകമായ ഭാഷയിൽ എഴുതിയതുമായിരിക്കും. ഒരു പ്രത്യേക വീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നില്ലായിരിക്കും; പക്ഷേ, നിങ്ങളെ ചിന്തിക്കാനും വിയോജിക്കുവാനും പ്രേരിപ്പിച്ചാൽ തന്നെ ഒരു എഡിറ്റോറിയൽ അതിന്റെ കർത്തവ്യം നിർവഹിച്ചിരിക്കുന്നു. മുഖപ്രസംഗമല്ലാതെ മറ്റ് അഭിപ്രായങ്ങൾക്കുള്ള പംക്തികളും പത്രത്തിലുണ്ടാവാം. ഈ പംക്തികൾ വാർത്ത സംബന്ധിച്ച അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക മാത്രമല്ല, കൂടുതൽ വിവരങ്ങൾ നല്കുകയും ചെയ്യുന്നു. ചില പത്രങ്ങൾ 'സിൻഡിക്കേറ്റഡ്' പംക്തികൾ പ്രസിദ്ധപ്പെടുത്താറുണ്ട്. നാലോ അഞ്ചോ വ്യത്യസ്ത അഭിപ്രായങ്ങളുള്ള എഴുത്തുകാർക്ക് പംക്തികൾ വീതിച്ചുകൊടുത്തുകൊണ്ട് സ്വാഭിപ്രായം പ്രകടിപ്പിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നു രക്ഷപ്പെടുന്ന ചില പത്രങ്ങൾ അമേരിക്കയിലുണ്ടെന്ന് പറയപ്പെടുന്നു. പത്രത്തിന്റെ പ്രധാനമായ വശങ്ങളിലൊന്നാണ് വായനക്കാരുടെ കത്തുകൾ. ഇതിൽനിന്ന് പത്രത്തിന് സ്വന്തം പ്രകടനത്തെക്കുറിച്ചും, അധികാരത്തിലുള്ളവരുടെ (ഗവൺമെന്റുകൾ, സർവകലാശാലകൾ, നഗരസഭകൾ മുതലായവ.) പ്രകടനത്തെക്കുറിച്ചും ഉള്ള പൊതുജനത്തിന്റെ വികാരമെന്തെന്ന് മനസ്സിലാക്കാൻ കഴിയും. പല രാജ്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന താൽപര്യജനകമായ ഒരു വികാസം, പല പത്രങ്ങളും ഇപ്പോൾ വായനക്കാരുടെ കത്തുകൾക്ക് കൂടുതൽ സ്ഥലം അനുവദിക്കുന്നു എന്നതാണ്.

चीनी नामों के गलत उच्चारण

विदेशी नामों को हिन्दी (देवनागरी लिपि) में लिखते समय बहुधा अंग्रेजी का अनुसरण किया जाता है जो सिद्धान्ततः गलत है। चीनी नामों का देवनागरीकरण भी अंग्रेजी के अनुसार किया जा रहा है जिसके कारण चीनी नाम हिन्दी में बहुत अधिक विकृत हो गए हैं। उदाहरण के लिए, पेईचिङ्, तङ्, चाओ को क्रमशः बीजिंग, दंग, झाओ लिखा जा रहा है। कितना अधिक अन्तर है। दूरदर्शन में भी यही दुष्ट उच्चारण सुनने को मिलता है।

यदि केवल इतना ध्यान रखा जाए कि चीनी भाषा में केवल अघोष अल्पप्राण तथा अघोष महाप्राण ध्वनियां होती हैं और घोष ध्वनियां (अल्पप्राण तथा महाप्राण दोनों) नहीं होती हैं तो चीनी भाषा का ज्ञान न होते हुए भी बहुत - सी अशुद्धियों से बचा जा सकता है। अर्थात चीनी नामों में प्रयुक्त अंग्रेजी वर्णमाला के 'बी', 'डी', 'जी' वर्णों के स्थान पर हिन्दी में 'प', 'त', 'क' लिखना चाहिए, तथा 'पी', 'टी', 'के' के स्थान पर 'फ', 'थ', 'ख' लिखना चाहिए। इसके अतिरिक्त 'एक्स' के स्थान पर 'श' तथा 'जी' ... 'च' के संयुक्त रूप के स्थान पर 'श' लिखा जाना चाहिए।

अन्य भाषाओं के नामों को यथासंभव सही-सही लिखना भी उतना ही आवश्यक है जितना कि वर्तनी के अन्य नियमों का पालन।

—हेम चन्द्र पाण्डे
हाई-८१ हौज खास
नयी दिल्ली - १६

रावली पुल के न खुलने से रोष

बिजनौर के पास गंगा पर निर्माणाधीन रावली बैराज जून ८३ में बनकर तैयार हुआ। पिछले दिनों जिलाधिकारी बिजनौर ने पुल को अनौपचारिक रूप से खोलने की घोषणा भी की थी लेकिन उसका भी कुछ नहीं हुआ। २५ करोड़ रुपए की लागत से बना यह पुल पिछले तीन महीने से उद्घाटन की प्रतीक्षा कर रहा है। सामान्य दर से ही इस पर १० लाख रु. प्रतिमास की हानि हो रही है। पिछले ८ महीने से सा. नि. वि. ने भी लिंक मार्गों पर काम बंद कर रखा है।

चिट्ठियां

हैदराबाद में दंगे

श्री सिद्दीकी का यह कथन (जन ९ अक्तूबर) बिल्कुल सही है कि कुछ मुसलमान अपने को राष्ट्र की मुख्य धारा में नहीं मिला पाते हैं। हिन्दू-मुस्लिम साम्प्रदायिक दंगे सिर्फ उन्हीं शहरों में क्यों होते हैं, जहां मुसलमान आबादी में हिन्दुओं से अधिक होते हैं। क्या कारण है कि दंगे सिर्फ अलीगढ़, मेरठ, मुरादाबाद, हैदराबाद और श्रीनगर आदि में ही होते हैं। नयी दिल्ली, बम्बई और चंडीगढ़ में जहां मुसलमान आबादी में कम हैं। पाकिस्तान में भी ... हिन्दू रहते हैं जिनकी संख्या सिर्फ लाखों में है। वे तो वहां राष्ट्र की मुख्य धारा में मिल कर रहते हैं।

जब-जब भारत - पाकिस्तान क्रिकेट या हाकी मैचों में पाकिस्तान की टीम विजयी होती है, भारत में बसे, मुख्य धारा में न मिल सकने वाले मुसलमान, अपने-अपने घरों में दिये जलाते हैं तथा मिठाइयां बांटते हैं।

कुछ मुसलमान अपने को राष्ट्र की मुख्य धारा में न मिला कर ...

ഒരു ഹിന്ദി ദിനപത്രത്തിൽ വായനക്കാരുടെ കത്തുകൾ

പത്രത്തിൻെറ സ്വഭാവവും സജീവതയും മനസ്സിലാക്കാനുള്ള ഒരു വഴി, അതിൻെറ എഡിറ്റോറിയൽ പേജ് നോക്കുകയാണ്. മുഖപ്രസംഗങ്ങൾ വ്യഥാസ്ഥൂലവും വരട്ടുവാദപരവും ആണെങ്കിൽ, ലേഖനങ്ങൾ വിരസങ്ങളാണെങ്കിൽ, കത്തുകൾ അധികവും ബസ്സ് സർവീസിനെപ്പറ്റിയും അതുപോലുള്ള മറ്റു കാര്യങ്ങളെപ്പറ്റിയും ഉള്ള പരാതികളാണെങ്കിൽ എഡിറ്റോറിയൽ പേജ് മടുപ്പുളവാക്കുന്നതായിരിക്കും; അതുകൊണ്ടുതന്നെ ജനങ്ങൾ അതു വായിക്കാതെ മറിച്ചുകളയും.

നമുക്ക് ഇനി വിനോദത്തിൻെറ കാര്യം എടുക്കാം. വൃത്താന്തപത്രങ്ങൾ യുദ്ധങ്ങളുടെയും, വിപ്ലവങ്ങളുടെയും, മന്ത്രിമാരുടെപ്രസംഗങ്ങളുടെയും പ്രതിപാദനം കൊണ്ടുനിറഞ്ഞതാകരുത്. അല്ലെങ്കിൽ വിലക്കയറ്റത്തെക്കുറിച്ചുള്ള ചർച്ച മാത്രമാവുകയും അരുത്. വൃത്താന്തപത്രങ്ങൾ കളിതമാശയും, കായികവിനോദവും, ദുഃഖവും, ഉൽക്കണ്ഠയും കലർന്ന ജീവിതത്തിൻെറ എല്ലാവശങ്ങളെയും സ്പർശിക്കുന്നവ കൂടിയായിരിക്കണം.

നഗരത്തിൽ ലഭ്യമായ വിനോദപരിപാടികളെ സംബന്ധിച്ചിടത്തോളം അത് ഒരു മാർഗദർശിയായിരിക്കണം. സിനിമ, നാടകം, മറ്റ് വിനോദങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ നൽകണം.

പക്ഷേ, വിനോദം എന്നു പറയുന്നത് മറ്റു പലതും ഉൾക്കൊള്ളുന്നതാണ് — പൂന്തോട്ടമുണ്ടാക്കുക, മോട്ടോർ ഓടിക്കുക, ചീട്ട് കളിക്കുക, യാത്ര ചെയ്യുക എന്നിങ്ങനെ പലതും. ഒരു നല്ല പത്രത്തിൽ ഇവയ്ക്കെല്ലാം അഥവാ മിക്കതിനും പ്രത്യേകവിഭാഗങ്ങളുണ്ടായിരിക്കണം. ഇവയെ 'വാർത്താവിതരണത്തിൻെറ

ഒരു ഇംഗ്ലീഷ് ന്യൂസ്പേപ്പറിലെ സിനിമാ പരസ്യങ്ങൾ

Kiwis hold Pakistan

Romania lead in team event

US relay quartet thwarts Gross

Stylish Brazil sound warning

What's on at LA

ഒരു ദിനപത്രത്തിന്റെ സ്പോർട്സ് പേജ്

രാഷ്ട്രീയവശങ്ങളിൽനിന്ന് കണിശമായും മാറ്റിനിർത്തുകയും വേണം.

ഹിന്ദി, ബംഗാളി, ഗുജറാത്തി തുടങ്ങിയ ഭാഷകളിൽ പുറത്തിറങ്ങുന്ന പത്രങ്ങളിൽ സാഹിത്യത്തിന് വലിയ പ്രാധാന്യം നൽകുന്നു. കവിതകളും ചെറുകഥകളും ഒട്ടേറെ സാഹിത്യവിമർശനങ്ങളും അവ പ്രസിദ്ധപ്പെടുത്തുന്നു. യുവാക്കളായ എഴുത്തുകാരുടെ ആദ്യസൃഷ്ടികൾക്ക് പ്രകാശനം ലഭിക്കുന്നത് പത്രങ്ങളുടെ വാരാന്ത്യപേജുകളിലായിരിക്കും.

സ്പോർട്സ് എന്നു പറഞ്ഞാൽ ഇക്കാലത്ത് വിപുലമേഖലകളെ സ്പർശിക്കുന്ന ഒന്നാണ്. അത്‌ലറ്റിക്സ് മുതൽ അസ്ത്രാഭ്യാസംവരെ — ഫുട്ബോളും,

ക്രിക്കറ്റും, ഹോക്കിയും, പീജിയൻ ഷൂട്ടിങ്ങും, ഭാരോദ്വഹനവും, തോണിതുഴയലും, ഗോൾഫും ഒക്കെ ഇതിൽ പെടുന്നു. ആ നിലയ്ക്ക് നിങ്ങൾ സ്പോർട്സിന് കുറച്ചധികം 'പോയിൻറ്സ്' നീക്കിവയ്ക്കേണ്ടതുണ്ട്; വിവരണങ്ങൾ എങ്ങനെ നൽകുന്നു? വിവിധ ഇനം കളികളെ എങ്ങനെ കവർ ചെയ്യുന്നു? ജനങ്ങളെ അവർക്ക് ഇഷ്ടമുള്ള ഗയിമുകളിൽ കൂടുതൽ അറിവുള്ളവരാക്കാൻ എത്രകണ്ട് ശ്രമിക്കുന്നു? എന്നതെല്ലാം പരിഗണനീയമാണ്.

തങ്ങളുടെ പണംകൊണ്ട് എന്താണ് ചെയ്യേണ്ടതെന്ന് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനാവശ്യമായ വിവരങ്ങൾ നല്കണം. അവരുടെ സമ്പാദ്യം എവിടെ നിക്ഷേപിക്കണമെന്നും അവർ ഇൻഷൂർ ചെയ്യേണ്ടത് എന്തിനാണെന്നും, റിട്ടയർമെൻറ്, രോഗം, വാർധക്യം തുടങ്ങിയവയ്ക്ക് അവർ കരുതിവയ്ക്കേണ്ടത് എങ്ങനെ എന്നും ഉപദേശിക്കേണ്ടതാണ്. ഇതെല്ലാംതന്നെ ലളിതമായും വ്യക്തമായും സംശയച്ഛേദിയായും എഴുതിയിരിക്കണം. ധനകാര്യങ്ങൾക്ക്മാത്രമായി മൂന്നു ദിനപത്രങ്ങൾ (എക്കണോമിക് ടൈംസ്, ഫൈനാൻഷ്യൽ എക്സ്പ്രസ്, ബിസിനസ് സ്റ്റാൻഡേർഡ്) ഈ രാജ്യത്ത് പ്രസിദ്ധപ്പെടുത്തുന്നുണ്ടെങ്കിലും അവ വ്യാപാരത്തേയും വ്യവസായത്തേയും ബാധിക്കുന്ന ഗവൺമെൻറിൻെറ തീരുമാനങ്ങളിലും, അറിയിപ്പുകളിലും, ഇവയെ സംബന്ധിച്ച വ്യാപാര—വ്യവസായ കേന്ദ്രങ്ങളുടെ പ്രതികരണങ്ങളിലും തങ്ങളുടെ കവറേജ് ഒതുക്കിക്കളയുന്നു.

മറ്റൊരു തരത്തിൽ പറഞ്ഞാൽ വൃത്താന്തപത്രങ്ങളെ ജീവിതത്തിൻെറ നേരെ നിർത്തിക്കൊണ്ടു നിങ്ങൾ വിലയിരുത്തണം. ഒരു ശരാശരി ഇന്ത്യാക്കാരന് അഗാധതാല്പര്യമുള്ള വിഷയങ്ങളുടെ പട്ടിക തയ്യാറാക്കി, വാർത്താപത്രങ്ങളിലെ വൃത്താന്തങ്ങളും വിശേഷങ്ങളും അതുമായി ഒത്തുനോക്കുക.

അവസാനമായി ഫോട്ടോഗ്രാഫികളുടെയും ചിത്രങ്ങളുടെയും പ്രത്യേകതകളെപ്പറ്റി പറയട്ടെ. ആകർഷകമായ 'ലേ ഔട്ടുകളെ'പ്പറ്റി ഏതാനും ഇന്ത്യൻ പത്രങ്ങൾ മാത്രമേ പരീക്ഷണം നടത്തിയിട്ടുള്ളു. പൊതുവെ പറഞ്ഞാൽ നമ്മുടെ പത്രങ്ങൾ രൂപസങ്കല്പത്തിൻെറയും ചിത്രീകരണത്തിൻെറയും കാര്യത്തിൽ ഇപ്പോഴും മോശമാണ്. എന്നിരുന്നാലും വളരെയേറെ ഇന്ത്യൻ പത്രങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്ന ഓഫ്സെറ്റ് ടെക്നോളജി പത്രങ്ങളുടെ മുൻപേജിന് (ഉൾപ്പേജുകൾക്കും) ഒരു മുഖശ്രീ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

7. പത്രത്തിൻെറ സ്ഥിതി

ഇന്ത്യയിലെ യഥാർഥ സ്ഥിതി ഒന്നു നോക്കുക. നമുക്ക് താല്പര്യമുള്ള അനേക വിഷയങ്ങളിൽ, രാഷ്ട്രീയം എന്ന ഏകവിഷയത്തിലാണ് നമ്മുടെ പത്രങ്ങൾ അധികവും വ്യാപൃതമായിട്ടുള്ളത്. സ്പോർട്സിനു തരക്കേടില്ലാത്ത കവറേജ് ലഭിക്കുന്നുണ്ട്. എന്നാലും വേണ്ടത്ര ഇല്ല. മറ്റു പല രാജ്യങ്ങളിലും ഉള്ളതുപോലെ സ്പോർട്സിനു മാത്രമായ ദിനപത്രങ്ങൾ നമുക്കില്ല— ഏതാനും വാരികകളുണ്ടെങ്കിലും. യാത്ര, പണം, ആരോഗ്യസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ തൊട്ടുതലോടിപ്പോകുന്നു എന്നേ പറയാവൂ. യഥാർഥത്തിൽ, വിശ്രമത്തെയും, അത് എങ്ങിനെ പ്രയോജനപ്പെടുത്തണമെന്നതിനെയും കുറിച്ചുള്ള വിദഗ്ധലേഖനങ്ങൾ വിരളമായേ കാണാറുള്ളൂ.

നമ്മുടെ പത്രങ്ങളിൽ പലതിനും സ്റ്റേറ്റ് തലസ്ഥാനങ്ങളിൽപ്പോലും ലേഖകന്മാരില്ല. കൽക്കത്ത, ബോംബെ, മദ്രാസ്, ഡൽഹി എന്നീ മഹാനഗരങ്ങളിലും പലപ്പോഴും അവയ്ക്ക് ലേഖകന്മാരുണ്ടാവില്ല. തൽഫലമായി സംസ്ഥാനത്തിന് പുറത്തുള്ള വാർത്തകൾ വളരെ കുറച്ചേ അവയിൽ വരുന്നുള്ളു. ലോകസംഭവങ്ങളെക്കുറിച്ചുള്ള അവയുടെ പ്രതിപാദനമാകട്ടെ ഒഴുക്കൻ മട്ടിലുള്ളതാണ്.

ഭാഷാപത്രങ്ങൾക്ക് സാഹിത്യത്തിലുള്ള താൽപര്യത്തെപ്പറ്റി നേരത്തെ പരാമർശിച്ചിട്ടുണ്ട്; അവ മറ്റൊന്നിൽ കൂടി പ്രത്യേകമായ താൽപര്യമെടുക്കുന്നു — ചലച്ചിത്രം. ശരാശരി ഇന്ത്യക്കാരൻെറ ഭാവനയുടെ വലിയ ഭാഗം കവരുന്നത് ചലച്ചിത്രം തന്നെ. അതുകൊണ്ടായിരിക്കണം, നമ്മുടെ പത്രങ്ങൾ ചലച്ചിത്രങ്ങൾക്ക് ഇത്രയധികം സ്ഥലം അനുവദിക്കുന്നത്; താരങ്ങളെക്കുറിച്ചുള്ള

[redacted]

[redacted]

[redacted]

[redacted]

পশ্চিমবঙ্গে নতুন
কমার্শিয়াল কমপ্লেক্স

ক্যালকাটা ইম্প্রুভমেন্ট ট্রাস্ট

Punjab State Shubh Lakshmi weekly lottery
245th Draw
CORRIGENDUM

উৎসবে
কাটিহার মরতীয়
বস্ত্র বিভাগ

আধুনিক সৌন্দর্য
বেশে নয় কেশে

চুলের জগতে ওয়োসিস ভারতে আকর্ষণ হেয়ার ফার্টিলাইজার একটি বহু উদ্ভাবিত নাম। এটি হারবাল রিসার্চ ইনস্টিটিউটের একটি উৎপাদন।

ওয়োসিস

নেলকো

টোটাল ভিডিও

নেলকো টোটাল ভিডিও শপ

আনন্দ মেলা

ক্যাপিটাল ইলেকট্রনিকস্

টি. ভি. সেন্টার

গ্রেট ইস্টার্ন ট্রেডিং কোং

অপ্সরার
বিশেষত্ব

apsara

deeyuu's এর

O

আজই
খুলছে

জিয়াজী

অরুন্ধতী

রাঁজবধূ

আবার

বিশ্বরূপায়

বিকাশ চক্রবর্তী

সাধু ও শয়তান

জনতা

"রক্তাক্ত মাকড়সা"

লোকনাট্য
লোকনাট্যই —
এর বৈশিষ্ট্য প্রয়োগের,
বিষয়ে, সৌন্দর্য্য রুচিতায়,
সাজেসিব সামর্থ্যে এবং
মানুষের অন্তর-সত্য
উদ্ঘাটনে, সুতরাং
এ-দলের পালা মানেই
চ্যালেঞ্জের অব্যর্থ
শরসন্ধান।

লোকনাট্য
গুনেনেই কি কম ?
এই প্রশ্নের জবাব
আসছে ৭ সেপ্টেম্বর
দুপুর ১১।০ স্টারে

জননী
সকলের শুভকামনা থেকে
এমন কি মিথ্যে
রটনাকারীদেরও।
হলেই পাবেন টিকিট।

শ্রীরঙ্গম

রাজকন্যা

না

সুপ্রিয়া দেবী

গরল গর্ভা

পিরামিডের দেশে

ফিরোজা বেগম

রঙ্গিনী

সুজেন
মনোজ ● কৃষ্ণা সিং

নিশুত নায়ক

তপনকুমার

সুব্রত সেনশর্মা

সন্ন্যাসী রাজা

স্টারে

সতী চিত্রাঙ্গদা

'মু ক্তি প্র তী ক্ষা য়'

কৃষ্ণদাসী পদ্মা

অগ্নগামী

মানসিং

বেনিকে বাজারে বৌ

কোমলগান্ধার

কাশী বিশ্বনাথ মঞ্চে

রাজকুমারী

আনন্দমঠ

বিদ্যাসুন্দর

NO 10

আমজাদ আলি খান

সুরূপা সেনগুপ্ত

শাহজাদী

অসাধে

গন্ধর্ব

স্টারে

রঙ্গিনী নায়িকা

নিরাজ দো

অনামিকা

স্টারে

মাতৃ বলিদান

রাক্ষসী বেগম

সভ্যনামি যুগে যুগে

তপোবন

আজ

জোতদার

সোমবার ১২ই সেপ্টেম্বর
স্টারে

শিল্পীতীর্থ

মা ভবানী

প্রবাসী

ಹೊಸ ಹೆಸರಿನೊಡನೆ ವಲಸೆ

ಸಿನಿಮಾ......ರಂಜನ

ಈಗ ಜ್ಯೋತಿಲಕ್ಷ್ಮಿ ಮೇಲೆ ಕಣ್ಣು

ಚಿತ್ರ ದರ್ಶಿ

കന്നഡ പത്രത്തിലെ സിനിമാ പരസ്യം.

അപഖ്യാതികളും വരാൻ പോകുന്ന ചിത്രങ്ങളെക്കുറിച്ചുള്ള വിവരണങ്ങളുമൊക്കെ അവയിൽ കാണാം.

കൂടാതെ വാർത്താപത്രങ്ങളുടെ നിലവാരം നമ്മുടെ രാജ്യത്ത് ഒന്നിനൊന്ന് വ്യത്യസ്തമായിരിക്കുന്നു; ഇതിനുള്ള പ്രധാനകാരണം പരിശീലനത്തിനുള്ള ശരിയായ സമ്പ്രദായമില്ലാത്തതാണ്. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ പത്രപ്രവർത്തനത്തിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ തന്നെ ഉണ്ടായിരുന്നില്ല. പണി എടുത്തുകൊണ്ടുതന്നെ പഠിക്കുക എന്നതായിരുന്നു പതിവ്. ജനഹൃദയങ്ങളിൽ സുശക്തമായ സ്വാധീനം ചെലുത്തുന്ന ബഹുജനമാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലനം ഇല്ലാതെപോകുന്നത് ഖേദകരമാണ്. ബ്രിട്ടനിലും ഫ്രാൻസിലും ന്യൂസ്പേപ്പർ വ്യവസായം പത്രപ്രവർത്തക പരിശീലനത്തിന്റെ ചെലവ് വഹിക്കണമെന്ന് നിയമംതന്നെയുണ്ട്. റഷ്യ, പോളണ്ട്, കിഴക്കൻ ജർമനി, ഹങ്കറി മുതലായ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പരിശീലനം ഏതാണ്ട് അനുപേക്ഷണീയമാണെന്നു മാത്രമല്ല, സുസംഘടിതവുമാണ്.

വിഭിന്ന പത്രങ്ങൾ വായനക്കാരുടെ വ്യത്യസ്തങ്ങളായ താല്പര്യങ്ങൾ പ്രതിഫലിപ്പിക്കണമെന്നു തീർച്ചയാണ്. കട നടത്തുന്നവൻ ചിലപ്പോൾ ക്രിക്കറ്റിൽ താല്പര്യമുള്ളവനായിരിക്കാം; അതുകൊണ്ട് സ്പോർട്സ് വാർത്ത ഏറ്റവും നന്നായി കൊടുക്കുന്ന പത്രമായിരിക്കും അയാൾ വാങ്ങുക. ഒരു ധനകാര്യവിദഗ്ധനാകട്ടെ, സാമ്പത്തികകാര്യങ്ങളിലും തൽസംബന്ധമായ വാർത്തകളിലുമായിരിക്കും താൽപര്യം. ഇതിന്റെ അർഥം ഏതു തരത്തിലുള്ള വായനക്കാരനെ ലക്ഷ്യമാക്കിക്കൊണ്ടാണ് പത്രം പ്രവർത്തിക്കുന്നത് എന്ന് നോക്കി അതിനു ചേരുംവിധം വാർത്തയും ഫീച്ചറുകളും മറ്റും അതിൽ നൽകേണ്ടതുണ്ട് എന്നുള്ളതാണ്. ഇക്കാര്യത്തിലുള്ള വൈവിധ്യങ്ങൾ എങ്ങനെയായാലും എല്ലാ വൃത്താന്തപത്രങ്ങളും വാർത്ത സത്യമായും ചായ്‌വ് ഇല്ലാതെയും നൽകേണ്ടതാണ്. അഭിപ്രായപ്രകടനമാകട്ടെ സുചിന്തിതവും മിതത്വം പാലിക്കുന്നതുമായിരിക്കണം.

വാർത്താപത്രങ്ങളെ വിലയിരുത്തേണ്ടത് എങ്ങിനെ എന്ന് ഇപ്പോൾ നിങ്ങൾക്ക് അറിയാം. അവയുടെ ഗുണദോഷങ്ങൾ എങ്ങിനെ നിശ്ചയിക്കാമെന്നു നിങ്ങൾ മനസ്സിലാക്കിയ സ്ഥിതിക്ക്, ഇനി അവയെ കർശനമായിത്തന്നെ വീക്ഷിക്കുക.

പലപ്പോഴും "മഞ്ഞപ്പത്ര"ങ്ങൾ എന്ന പേരിൽ ചില പത്രങ്ങൾ അധിക്ഷേപിക്കപ്പെടുന്നതായി കേൾക്കാം. അയോഗ്യമായ, നിരുത്തരവാദപരമായ പത്രപ്രവർത്തനത്തിലേർപ്പെടുന്ന പത്രത്തെയാണ് ഇങ്ങനെ വിളിക്കുന്നത്. പലപ്പോഴും, തങ്ങളെ വിമർശിക്കുന്ന പത്രത്തെ, വിമർശനവിധേയരായവർ, മഞ്ഞപ്പത്രം എന്നു കുറ്റപ്പെടുത്തുന്ന പ്രവണതകാണുന്നുണ്ട്. ചിലപ്പോൾ ഗവൺമെൻറുകൾ തന്നെ അങ്ങിനെ ചെയ്യുന്നു. തങ്ങളുടെ ഏതെങ്കിലും പ്രവർത്തനത്തെപ്പറ്റി സൂക്ഷ്മാന്വേഷണം നടത്തി വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുമ്പോൾ അതു മഞ്ഞപ്പത്രത്തിൻെറ കളിയായോ, നിരുത്തരവാദപരമായ പത്രപ്രവർത്തനമായോ ഗവൺമെൻറു കുറ്റപ്പെടുത്തുന്നു.

'മഞ്ഞപ്പത്ര'പ്രവർത്തനത്തിൻെറ പൊതുവെയുള്ള അർഥം വളരെ വ്യക്തമാണ്: വായനക്കാരെ ആകർഷിക്കുന്നതിനുവേണ്ടി ജീവിതത്തിൻെറ പ്രാകൃത ഭാവങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും കുറ്റകൃത്യങ്ങൾ ലൈംഗികത, ഹിംസ, എന്നിവയുമായി ബന്ധപ്പെട്ട കഥകൾ ധാരാളമായി കൊടുക്കുകയും കുറ്റവാളികളെ അവരുടെ ആത്മകഥ എഴുതാൻ പ്രേരിപ്പിക്കുകയും, ചലച്ചിത്രതാരങ്ങളോട് അവരുടെ രഹസ്യജീവിതം അനാവരണം ചെയ്യാൻ ആവശ്യപ്പെടുകയും, അപവാദം പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി ചിലരോട് പണം വാങ്ങുവാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അതിനെ മഞ്ഞപ്പത്രപ്രവർത്തനം എന്നു വിശേഷിപ്പിക്കാം. മഞ്ഞപ്പത്രപ്രവർത്തനം തടയാനുള്ള ഏക മാർഗം വഴിവിട്ടു പോകുന്ന പത്രങ്ങളുടെ നേരെ കണ്ണുവയ്ക്കുവാൻ സംഘടനകളുണ്ടാക്കുകയാണ്.

8 ഭാവി

ഇപ്പോൾ നിങ്ങൾ വൃത്താന്തപത്രങ്ങളെക്കുറിച്ച് ഒട്ടേറെ കാര്യങ്ങൾ അറിഞ്ഞുകഴിഞ്ഞു. പത്രങ്ങൾ എന്തിനാണെന്ന് മനസ്സിലാക്കുകയും ചെയ്തു. ആ നിലയ്ക്ക് ഒരു ചോദ്യമുന്നയിക്കട്ടെ. നിങ്ങൾ പത്രത്തിൽ ചേരാനും ഒരു പത്രപ്രവർത്തകനാകാനും ആഗ്രഹിക്കുന്നുവോ?

പത്രപ്രവർത്തനത്തിന് ഒരു വശ്യതയുണ്ട്. താരധൂളി വിതറിയ പ്രഭാവപ്പകിട്ടുമുണ്ട്. ഞാൻ കാണുന്ന ചെറുപ്പക്കാരിൽ പലരും പത്രപ്രവർത്തകരാകാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. മഹത്വ്യക്തികളുമായുള്ള അഭിമുഖം, നിർണായകങ്ങളായ തീരുമാനങ്ങളുടെ ഉൾക്കാഴ്ചകൾ, ജംബോജറ്റുകളിൽ വിദൂരങ്ങളിലേക്കുള്ള പറക്കൽ, അല്ലെങ്കിൽ ഇരട്ട എൻജിനുകളുള്ള വിമാനങ്ങളിൽ കയറി ഉൾപ്രദേശങ്ങളിലെത്തിച്ചേരൽ എന്നിങ്ങനെയുള്ള പല ചിത്രങ്ങളും പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട് ഇവരുടെ മനസ്സിൽ കുടികൊണ്ടിരിക്കണം. പത്രങ്ങളിലും മാസികകളിലും പ്രവർത്തിക്കുന്നവർക്ക് ഇതിനൊക്കെ അവസരം കിട്ടി എന്നുവരും. പക്ഷേ, പത്രപ്രവർത്തനം എന്നുവച്ചാൽ മിക്കവാറും കഠിനവുംവിരസവുമായ അധ്വാനമാണ് — പിൻമുറിയിലിരുന്നു ചെയ്യുന്ന ഒട്ടേറെ ജോലിയുണ്ട് പത്രപ്രവർത്തനത്തിൽ. വിവരങ്ങൾ മറച്ചുവയ്ക്കാൻ താൽപര്യപ്പെടുന്ന സർക്കാരുദ്യോഗസ്ഥന്മാരുടെ സമ്മർദമുണ്ടായി എന്നുവരും. വൻകിടവ്യവസായസ്ഥാപനങ്ങളുടെ ശക്തമായ സ്വാധീനം മറ്റൊരു ഘടകമാണ്. രാഷ്ട്രാന്തര കമ്പനികൾ, ട്രേഡ്യൂണിയനുകൾ, മെഡിക്കൽ അസോസിയേഷനുകൾ, എന്തിനധികം മതസംഘടനകൾ പോലും വാർത്താവിതരണസ്വാതന്ത്ര്യത്തിനു തടസ്സം നിന്നുവെന്നുവരും.

उपराज्यपाल के आदेश मजाक बने

न नारे मिटे, न पोस्टर हटे

नयी दिल्ली, बुधवार (स)। गत चार अक्तूबर को एक खास आदेश जारी कर उपराज्यपाल ने दिल्ली के सभी सार्वजनिक निकायों को कड़ा निर्देश दिया था कि सार्वजनिक भवनों, पुलों, बसों आदि पर जो पोस्टर या नारे लिखे और लगे हैं, उन्हें दस दिन के भीतर साफ कर दिया जाए। लेकिन उस आदेश के १५ दिन बाद भी बसों और टावरों आदि पर लिखे नारे या पोस्टर उपराज्यपाल के आदेश की खिल्ली उड़ा रहे हैं।

उपराज्यपाल ने डी. डी. ए., नगर निगम, नयी दिल्ली नगर पालिका, डी. टी. सी. लोक निर्माण आदि विभागों को ये आदेश जारी किए थे। लेकिन उनमें से किसी ने भी उनका पालन नहीं किया। डी. टी. सी. की बसों में लिखे नारों और भद्दे वाक्यों को देखकर तो लगता है कि या तो उसके अधिकारियों ने उस आदेश को पढ़ा नहीं या फिर वह ...

The promise of fulfilment

പത്രസ്വാതന്ത്ര്യം - ഒരു മാതൃക

കാലം കഴിയുന്തോറും പത്രപ്രവർത്തനവും മറ്റേത് ജോലിയേയും പോലെ ഒരു തൊഴിൽ മാത്രമായി മാറുന്ന പ്രവണത കാണിക്കുന്നുണ്ട്. ഇത് അനിവാര്യമാണ്. കാരണം, പത്രപ്രവർത്തനവും ഏറെക്കുറെ ഒരു വ്യാപാരമാണ്; വൻകിട വ്യാപാരമായിത്തന്നെ അത് മാറുകയാണ്. എന്നിരുന്നാലും ചെറുപ്പാർക്ക് സ്വപ്നംകാണാൻതക്കവണ്ണം പത്രപ്രവർത്തനത്തിൽ എന്തോ ഒരു അധികാംശമുണ്ട്.

നമ്മുടേതുപോലുള്ള വിശാലമായ ഒരു രാജ്യത്ത് കൂടുതൽ കൂടുതലാളുകൾക്ക് എഴുതാനും വായിക്കാനും കഴിയുമ്പോൾ (ഇപ്പോൾ 100 ഇന്ത്യക്കാരിൽ 30 പേർക്ക് മാത്രമാണ് ഇതിനു കഴിയുക) വാർത്തകൾക്കും വാർത്താപത്രങ്ങൾ

ക്കും വർധിച്ച ആവശ്യം വരാതിരിക്കയില്ല. 130 ദശലക്ഷം വീടുകൾക്കായി വൃത്താന്തപത്രങ്ങളുടെ 9 ദശലക്ഷം കോപ്പികളേ ആകെ അച്ചടിക്കുന്നുള്ളൂ. നമ്മുടെ വൃത്താന്തപത്രങ്ങളുടെ തൊണ്ണൂറ്റിഎട്ടോ തൊണ്ണൂറ്റിഒമ്പതോ ശതമാനവും വിൽക്കുന്നതും വായിക്കുന്നതും നഗരങ്ങളിലാണ്. കൽക്കത്ത, മദ്രാസ്, ബോംബെ, ദൽഹി എന്നീ വൻനഗരങ്ങളിലാണ് നമ്മുടെ ദിനപത്രങ്ങളുടെ പകുതിയും വിറ്റഴിയുന്നത്. നമ്മുടെ ഗ്രാമീണരിൽ വളരെ ചുരുക്കം പേരേ പത്രങ്ങൾ വായിക്കുന്നുള്ളൂ. നമ്മൾ ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ സാധ്യതളെ ചെറിയൊരളവിൽ മാത്രമേ സ്പർശിച്ചിട്ടുള്ളു എന്ന് ഈ വസ്തുതകൾ തെളിയിക്കുന്നു. പക്ഷേ, യാഥാർഥ്യബോധത്തോടെ പ്രവർത്തിക്കുന്നതാണ് നല്ലത്. പത്രപ്രവർത്തനമാണ് നിങ്ങളുടെ പ്രവർത്തനമാർഗമെന്ന് നിങ്ങൾക്ക് യഥാർഥത്തിൽ തോന്നുന്നുവെങ്കിൽ മാത്രമേ നിങ്ങൾ ആ തൊഴിലിന് പോകാവു. ചുരുക്കം ചില പത്രങ്ങളിലൊഴിച്ചാൽ പ്രതിഫലം കുറവും, അധ്വാനം അധികവും ആണ്. അവസാനവിശകലനത്തിൽ, നിങ്ങൾ, പത്രപ്രവർത്തനം എന്ന തൊഴിൽ സ്വീകരിക്കുന്നത് മറ്റൊരു ജോലിയും നിങ്ങൾക്ക് സംതൃപ്തി നല്കുകയില്ല എന്നതുകൊണ്ടു മാത്രമായിരിക്കണം.

അങ്ങനെ നിങ്ങൾ പത്രപ്രവർത്തകനായാൽ ഈ തൊഴിൽ നല്കുന്ന ഉത്തേജനത്തിന് പരിധിയില്ല. നിങ്ങൾക്ക് പ്രവൃത്തിദിവസവും അവധിദിവസവും തമ്മിൽ ഒരിക്കലും വ്യത്യാസം തോന്നുകയില്ല. നിങ്ങൾ താൽപര്യമേറെ ഉളവാക്കുന്ന വളരെയേറെ പേരെ കാണുന്നുണ്ടാകും. പ്രധാനപ്പെട്ട പല സംഭവങ്ങളിലും ഉൾപ്പെടും. പലപ്പോഴും യാത്ര ചെയ്യേണ്ടിവരും. എഴുതുമ്പോഴുണ്ടാവുന്ന അത്യാവേശവും അനുഭവിക്കാം. ഓരോ ദിവസവും നിങ്ങൾക്ക് ഓരോ സാഹസികാനുഭവമായിരിക്കും — എത്രമാത്രം ഉത്തേജകങ്ങളായ സംഭവങ്ങളാണ് നിങ്ങൾ കവർചെയ്യാൻ പോകുന്നതെന്ന് നിങ്ങൾക്ക് ഒരിക്കലും മുൻകൂട്ടി നിശ്ചയിക്കാനാവില്ല.

ഇന്ന് ബഹുജനമാധ്യമങ്ങൾക്ക് ഒരു പ്രത്യേകചുമതല തന്നെ ഉണ്ട്. ടി.വി.യും റേഡിയോവും അടങ്ങുന്ന എലക്ട്രോണിക് മാധ്യമങ്ങൾ കാട്ടുതീ പോലെ പടർന്നുപിടിച്ചിട്ടുണ്ടെങ്കിലും വൃത്താന്തപത്രങ്ങൾ ഒട്ടും പിന്നോട്ടു പോയിട്ടില്ല. പക്ഷേ, ടി.വി.യും റേഡിയോവും പത്രങ്ങളിൽ മാറ്റമുണ്ടാക്കുന്നു. വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുമുണ്ട്. വൃത്താന്തപത്രങ്ങൾക്ക് കൂടുതൽ

ആലോചനാശീലം കൈവന്നിട്ടുണ്ട്. വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് കൂടുതൽ താൽപര്യം തോന്നിത്തുടങ്ങിയിട്ടുമുണ്ട്. വായനക്കാരുടെ പ്രത്യേക വിഭാഗങ്ങളെപ്പറ്റി ആലോചിക്കാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, ടി.വി.ക്കോ റേഡിയോവിനോ പത്രങ്ങളെ തള്ളിപ്പുറത്താക്കാനാവില്ല. വൃത്താന്തപത്രങ്ങൾ, പലപ്പോഴും വളരെ ചെറിയ പത്രങ്ങൾ, വിപ്ലവങ്ങൾ ഉണ്ടാക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. ഏറ്റവും കടുത്ത മർദകഭരണങ്ങളുള്ളിടങ്ങളിൽ പോലും അവ രഹസ്യമായി പ്രചരിച്ചിട്ടുണ്ട്.

അതുകൊണ്ട് പത്രപ്രവർത്തകർക്ക് പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. അവർ വലിയ മനഃസാക്ഷിയുള്ളവരും നിർഭയരും നീതിബോധമുള്ളവരുമായിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

Printed at Aravali Printers New Delhi-20